# കേന്ദ്ര കൃഷി ,കർഷക ക്ഷേമ മന്ത്രാലയം

## ( മൃഗ സംരക്ഷണ , പാൽ ഉൽപ്പാദന, ഫിഷറീസ് വകുപ്പ്)

## വിജ്ഞാപനം

**ന്യൂഡൽഹി , 2 0 1 7 ഏപ്രിൽ 2 8**

## ദേശീയ സമുദ്ര ഫിഷറീസ് നയം, 2017

**F No 21001/05/2014 –FY (Ind) Vol V-ആമുഖം**

1.0 ഇന്ത്യയുടെ സാമ്പത്തിക പരമാധികാര പരിധിയിലുള്ള (EEZ) സമുദ്ര ജൈവ വിഭവങ്ങളുടെ ആരോഗ്യവും പാരിസ്ഥികശാസ്ത്ര പരമായ സമഗ്രതയും ,സുസ്ഥിര മത്സ്യ ബന്ധനത്തിലൂടെ , ഇന്നത്തെയും നാളത്തെയും തലമുറകൾക്കായി ഉറപ്പാക്കുക എന്നതാണ് ഈ ദേശീയ സമുദ്ര ഫിഷറീസ് നയത്തിന്റെ പൊതുവായ ലക്ഷ്യം. ഈ നയത്തിന്റെ പൊതു തന്ത്രം ഏഴ് അടിസ്ഥാന ശിലകളിൽ ആണ് നിർമ്മിച്ചിട്ടുള്ളത്; സുസ്ഥിര വികസനം, മീന്പിടുതകാരുടെ സാമ്പത്തിക-സാമൂഹ്യ ഉന്നമനം, വികേന്ദ്രീകൃത വികസനം, പങ്കാളിത്തം, അന്തർ-പരമ്പരാ സമത്വം , ലിംഗ നീതി, മുൻകരുതൽ സമീപനം എന്നിവയാണവ. ഈ അടിസ്ഥാന ശിലകൾ ആണ് സമുദ്ര മത്സ്യ മേഖലയ്ക്കായി മുന്പോട്ടുവെയ്ക്കുന്ന കാഴ്ചപാടും ദൌത്യവും ലക്ഷ്യമാക്കിയുള്ള ഇടപെടലുകൾക്കുള്ള മാർഗദർശനം പ്രദാനം ചെയ്യുക . ഈ നയത്തിന്റെ കേന്ദ്രബിന്ദു മീൻപിടുത്തക്കാർ ആയിരിക്കെ, ഈ നയത്തിന്റെ കീഴിലുള്ള ഇടപെടലുകളെ നയിക്കുക "പൊതു ഭാരവാഹിത്വ തത്വം" ആയിരിക്കും.

ഇന്ത്യയ്ക്ക് സമൃദ്ധവും വൈവിധ്യപൂർണ്ണവും ആയ സമുദ്ര വിഭവങ്ങള് നിറഞ്ഞ 2 . 0 2 ദശ ലക്ഷം ചതുരശ്ര കിലോ മീറ്റര് വിസ്തൃതമായ സാമ്പത്തിക പരമാധികാര മേഖലയും, 8 1 1 8 കിലോ മീറ്റര് നീളമുള്ള തീരദേശവും രണ്ടു സുപ്രധാന ആഴക്കടല് ദ്വീപ് സമൂഹങ്ങളും ഉണ്ടെന്നുമുള്ള കാര്യം **ശ്രദ്ധിച്ചുകൊണ്ട്,**

സമുദ്ര വിഭവങ്ങളുടെ വാർഷിക പരമാവധി വിളവെടുപ്പ് സാധ്യത 4 . 4 1 2 ദശ ലക്ഷം ടൺ ആണെന്ന് **അംഗീകരിച്ച് ,**

DRAFT

ഏകദേശം 4 ദശ ലക്ഷം ആളുകൾ ഉപജീവനത്തിനായി സമുദ്ര മത്സ്യ വിഭവങ്ങളെ ആശ്രയിക്കുന്ന കാര്യം **പരിഗണിച്ച്,**,

സമുദ്ര മത്സ്യ വിഭവങ്ങൾ നൽകുന്ന സാമ്പത്തിക മൂല്യം ഏകദേശം 6 5 0 0 0 കോടി രൂപ ആണെന്ന കാര്യം **സമ്മതിച്ച്** ,

സമുദ്ര മത്സ്യ മേഖല, ഭക്ഷ്യ വസ്തുക്കൾ, പോഷണം, തൊഴിൽ , സാമ്പത്തിക ആദായം എന്നിവയുടെ ഒരു പ്രധാന സ്രോതസ്സ് ആണെന്ന കാര്യം **അംഗീകരിച്ച് ,**

രാജ്യത്തിന്റെ കയറ്റുമതിയിലും വാണിജ്യ മിച്ചത്തിലും സമുദ്ര മത്സ്യ മേഖല സാരമായ സംഭാവനകൾ നൽകുന്നു എന്ന കാര്യം **മനസ്സിലാക്കി**,

രാജ്യത്തിന്റെ സമുദ്ര മത്സ്യ മേഖല വളരെ വൈവിധ്യമുള്ളതും എന്നാൽ പ്രധാനമായും ചെറുകിട പരമ്പരാഗത മീൻപിടുത്തക്കാര് അധികമായി ഉൾപെടുന്നതാണെന്നും **നിരീക്ഷിച്ചു കൊണ്ട്,**

മീൻപിടുത്തക്കാർക്ക് പുറമേ, സർക്കാർ സർക്കാരേതര ഏജൻസികൾ ഉൾപ്പെടെ പലതരം ഗുണ ഭോക്താക്കൾ സമുദ്ര മത്സ്യ മേഖലയിൽ ഉണ്ടെന്ന കാര്യം കൂടി **നിരീക്ഷിച്ച്**,

സമുദ്ര ജല കൃഷി ഉൾപ്പെടെ സുസ്ഥിര മാർഗ്ഗങ്ങൾ വഴി ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധ്യത നൽകുന്ന ഒന്നാണ് സമുദ്ര മത്സ്യ ജൈവ വിഭവങ്ങൾ എന്നത് **അംഗീകരിച്ച്**,

സമുദ്ര മത്സ്യ വിഭവങ്ങൾ അക്ഷയമല്ല എന്നും അമിത ചൂഷണ വിധേയമാണെന്നും **മനസ്സിലാക്കി** ,

ഇത്തരം അമിത ചൂഷണം ജൈവ വൈവിധ്യ ശോഷണവും , ഭാവി തലമുറകളുടെ മത്സ്യ ലഭ്യതയിൽ കുറവും വരുത്തിവെയ്ക്കും എന്ന കാര്യം കൂടി **മനസ്സിലാക്കി ,**

സമുദ്ര ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിനായുള്ള അന്താരാഷ്ട്ര ഉടമ്പടികളും സംവിധാനങ്ങളും നടപ്പിലാക്കാനുള്ള രാജ്യത്തിന്റെ പ്രതിബദ്ധത **മനസ്സിൽ വെച്ചു കൊണ്ട്**

താഴെപ്പറയുന്ന ദർശനം, ദൗത്യം , നയോപായ വൈദഗ്ദ്ധ്യം (നയതന്ത്രം) എന്നിവയെ അടിസ്ഥാനപ്പെടുത്തി ആണ് ഈ നയം നിർമ്മിച്ചിരിക്കുന്നത്:

## ദർശനം

" ഇന്നത്തെയും നാളത്തെയും തലമുറകുളുടെ ആവശ്യങ്ങൾ നിർവഹിക്കുന്ന ആരോഗ്യപൂർണ്ണവും ഊർജസ്വലവും ആയ ഒരു സമുദ്ര മത്സ്യ മേഖല"

DRAFT

**ദൗത്യം**

"ഈ നയത്തിന്റെ ചട്ടക്കൂട്, വിഭവ സുസ്ഥിരത എന്നത് എല്ലാ ഇടപെടലുകളുടെയും കേന്ദ്ര ബിന്ദു ആക്കി നിലനിർത്തിക്കൊണ്ട്, ദേശീയ , സാമൂഹ്യ, സാമ്പത്തിക ലക്ഷ്യങ്ങളും , മീൻപിടുത്തത്തിൽ ഏർപ്പെട്ടിർക്കുന്ന സമുദായങ്ങളുടെ ജീവനോപാധിയുടെ സുസ്ഥിരതയും സാമൂഹ്യ-സാമ്പത്തിക ഉന്നമനവും കൈവരിക്കുകയും , അടുത്ത പത്ത് വർഷത്തേയ്ക്ക് രാജ്യത്തിലെ സമുദ്ര മത്സ്യ മേഖലയുടെ പരിപാലനത്തിനും ഏകോപനത്തിനും മാർഗദർശനം നൽകുകയും ചെയ്യും."

**തന്ത്രം**

**ഇന്ത്യയുടെ സമുദ്ര മത്സ്യ മേഖല- ഒരു രൂപരേഖ**

2.0 ഇന്ത്യയുടെ വികസനത്തിലും ആസൂത്രണത്തിലും മത്സ്യ മേഖലയ്ക്ക് പൊതുവെയും സമുദ്ര മത്സ്യ മേഖലയ്ക്ക് പ്രത്യേകിച്ചും, ഉള്ള സാധ്യത വളരെ നേരത്തെ തന്നെ തിരിച്ചറിയപ്പെട്ടിരുന്നു. അതിനാൽ, സാമ്പത്തിക വളർച്ചയുടെ ഒരു ഉപകരണം എന്ന നിലയിൽ ഈ മേഖലയിൽ സർക്കാർ തലത്തിലും സ്വകാര്യ തലത്തിലും കാര്യമായ ശ്രമങ്ങൾ ഉണ്ടായി. ജനതയുടെ ഭക്ഷണ, പോഷക ആവശ്യങ്ങൾ ഉറപ്പാക്കുന്ന മേഖല എന്നതിനപ്പുറം വാണിജ്യത്തിലും വ്യാപാരത്തിലും , തദ്വാര തീരദേശ ജനതയ്ക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിലും ഗണ്യമായ പങ്കാണ് നമ്മുടെ ഫിഷറീസ് മേഖല നിർവഹിക്കുന്നത്.

3.0 ഒരു പരമ്പരാഗത തൊഴിൽ എന്ന നിലയിൽ തുടക്കം കുറിച്ച ഈ മേഖല ഇന്ന് ഒരു വാണിജ്യ സംരംഭം എന്ന നിലയിലേയ്ക്ക് വളർന്നിരിക്കുന്നു.1 9 7 6 ൽ ഇന്ത്യൻ സാമ്പത്തിക പരമാധികാര മേഖലയുടെ (E E Z ) പ്രഖ്യാപനം വന്നതോടെ നമ്മുടെ ഉടമസ്ഥതയിലുള്ള സമുദ്ര വിസ്തൃതി 2.0 2 ദശലക്ഷം ചതുരശ്ര കിലോ മീറ്റർ ആയി നിജപ്പെടുത്തപ്പെട്ടു. ഇതോടെ മത്സ്യ ബന്ധന അവകാശങ്ങൾക്കൊപ്പം ഇത്രയും വിസ്തൃതിയിൽ ഉള്ള സമുദ്ര ജൈവ വിഭവങ്ങളുടെ സംരക്ഷണം, വികസനം, സുസ്ഥിര ഉപഭോഗം എന്നീ ഉത്തരാവാദിത്വവും രാജ്യത്തിൽ നിക്ഷിപ്തമായി. 2 0 1 1 ൽ കേന്ദ്ര സർക്കാർ നിയോഗിച്ച ഒരു പഠന സമിതിയുടെ നിഗമനത്തിൽ ഇന്ത്യയുടെ
E E Z ൽ നിന്ന് പിടിച്ചെടുക്കാവുന്ന മീനിന്റെ പരമാവധി 4. 4 1 2 ദശ ലക്ഷം ടൺ ആകുന്നു. 2 0 0 0 ൽ നടത്തിയ നിഗമനത്തെക്കാൾ ( 3. 9 3 4 ദശലക്ഷം ടൺ) ഇത് 1 2 . 2 % കൂടുതലാണ് . ഇതിൽ ഉപരിതല മത്സ്യങ്ങൾ ആയ മത്തി, പാമ്പാട, അയില എന്നിവ ചേർന്ന് 2. 1 2 8 ദശ ലക്ഷം ടൺ (4 8 . 2 % ) അളവ് വരും. ചെമ്മീൻ വർഗം, കണവ, കൂന്തൾ, കോര, തുടങ്ങിയ മത്സ്യങ്ങളുടെ അളവ് 2 . 0 6 7 ദശ ലക്ഷം ടൺ (4 6 . 8 %) ആണ്. ചൂരകൾ, സ്രാവുകൾ , ശീലാവ്, ഡോൾഫിൻ തുടങ്ങിയവ 0. 2 1 7 ദശ ലക്ഷം ടൺ (4 . 9 %) സംഭാവന ചെയ്യും. ആഴമനുസരിച്ചുള്ള സമുദ്ര മത്സ്യലഭ്യതയും കണ്ടെത്തിയിട്ടുണ്ട്. 1 0 0 മീറ്റർ വരെ മൊത്തം ലഭ്യത 3 . 8 2 1 ദശ ലക്ഷം ടൺ (8 6 . 6 %) , 1 0 0 മുതൽ 2 0 0 വരെ 0. 2 5 9 ദശ ലക്ഷം ടൺ (5. 8 % ) , 2 0 0 – 5 0 0 മീറ്റർ വരെ 0. 1 1 5 ദശ ലക്ഷം ടൺ , ബാക്കിയുള്ള ഭാഗത്ത് നിന്നും 0. 2 1 7 ദശ ലക്ഷം ടൺ (4.9 %)

DRAFT

എന്നിങ്ങനെയാണ് ആ കണക്കുകൾ. 2 0 1 2 – 2 0 1 6 വരെയുള്ള നാല് വർഷങ്ങൾ കൊണ്ട് പിടിച്ചെടുത്തത് ശരാശരി 3 . 4 9 9 ദശ ലക്ഷം ടൺ ആയിരുന്നപ്പോൾ, 2 0 1 5 – 1 6 ലേത് 3 . 5 8 3 ദശ ലക്ഷം ടൺ ആകുന്നു. തീരക്കടലില് നിന്നുള്ള മത്സ്യബന്ധന വിഭവങ്ങൾ പരമാവധി പിടിക്കപ്പെടുന്നതിനാൽ ഉല്പ്പാദന വര്ധനവിനുള്ള സാധ്യത ഇനി ആഴക്കടലില് മാത്രമാണുള്ളത്.

4.0 ദേശീയ സമുദ്ര മേഖല സെൻസസ് ( 2 0 1 0 ) പ്രകാരം ഇന്ത്യയിലെ മൊത്തം കടൽ മീൻപിടുത്തക്കാരുടെ ജനസംഖ്യ 4 . 0 ദശ ലക്ഷം ആകുന്നു. ഇതിൽ 0. 9 9 ദശ ലക്ഷം ആൾക്കാർ മത്സ്യബന്ധനത്തിൽ സജീവ സാന്നിധ്യം ഉള്ളവരാകുന്നു. ഇതിൽ 3 3 % യന്ത്രവൽകൃത മേഖലയിലും, 62 % മോട്ടോർവൽകൃത മേഖലയിലും, 5 % പരമ്പരാഗത മേഖലയിലും ആണ് പണിയെടുക്കുന്നത്. മൊത്തം സമുദ്ര മത്സ്യോത്പാദനത്തിൽ , 75 ശതമാനം യന്ത്രവത്കൃത മേഖലയിൽ നിന്നും, 23 ശതമാനം മോട്ടോര്വല്കൃത മേഖലയിൽ നിന്നും, രണ്ട് ശതമാനം പരമ്പരാഗത മേഖലയിൽ നിന്നുമാണുള്ളത്. ഇന്ത്യയിൽ, സമുദ്ര മത്സ്യങ്ങളുടെ കഴിഞ്ഞ അന്പതു വർഷത്തെ ഉൽപ്പാദനം പരിശോധിച്ചാൽ , മൊത്തം ഉത്പാദനത്തിൽ പരമ്പരാഗത മേഖല അറുപതുകളുടെ തുടക്കം വരെ കാര്യമായ സംഭാവന നൽകിയതായി കാണാം. യന്ത്രവൽക്കരണത്തിന്റെ പ്രചാരത്തോടെയും, പരമ്പരാഗത യാനങ്ങളിൽ മോട്ടോറുകൾ പിടിപ്പിക്കപ്പെട്ടതോടെയും പരമ്പരാഗത മേഖലയുടെ സംഭാവനയിൽ പിന്നീടുള്ള വർഷങ്ങളിൽ കാര്യമായ ഇടിവ് വന്നു. രാജ്യത്തിലെ മൊത്തം സമുദ്രമത്സ്യ ഉല്പ്പാദനത്തിന്റെ 5 5 % സംഭാവന ചെയ്യുതുകൊണ്ടു ഇന്ന് ഏറ്റവും പ്രധാനപെട്ട മത്സ്യബന്ധനരീതിയായി യന്ത്രവല്കൃത ട്രോള് മത്സ്യബന്ധന രീതി മാറിയിരിക്കുന്നു.

5.0 ആഴക്കടലിൽ സുലഭമായതും ഉയർന്ന വിലഉള്ളതുമായ ചൂര തുടങ്ങിയ ഇനങ്ങൾ നൽകുന്ന ആദായ സാധ്യത പൂർണ്ണമായി ഉപയോഗിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. സമുദ്ര മത്സ്യ വിഭവങ്ങളുടെ ഉൽപ്പാദന സാധ്യത പൂർണ്ണമായി ഉപയോഗിച്ചാൽ രാജ്യത്തിനും നാട്ടുകാർക്കും സുസ്ഥിര നേട്ടങ്ങൾ ഉറപ്പുവരുത്തുവാൻ സാധിക്കും. ഈ മേഖല തികച്ചും ചലനാത്മകമായ ഒന്നായതിനാൽ , ഇന്നു ലഭ്യമായ സാങ്കേതിക വിവരങ്ങളും സമുദ്ര മത്സ്യ വിഭവങ്ങളുടെ ഇന്നത്തെ അവസ്ഥയും പ്രദാനം ചെയ്യുന്ന അവസരങ്ങൾ പരമാവധി ഉപയോഗിക്കുന്നതിലെയ്ക്കായി നയങ്ങളും പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്. ഈ ദിശയിൽ, ഈ ദേശീയ സമുദ്ര ഫിഷറീസ് നയം 2 0 1 7 താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വെയ്ക്കുന്നു.

**ഫിഷറീസ് മേൽനോട്ടവും പരിപാലനവും**

6.0 ഇന്ത്യൻ E E Z ലെ മത്സ്യ സമ്പത്തിന്റെ വിലയിരുത്തലിനായി 2 0 1 1 ൾ കേന്ദ്ര സർക്കാർ രൂപീകരിച്ച കർമ്മ സമിതി, സംസ്ഥാനങ്ങളുടെ/കേന്ദ്ര ഭരണ പ്രദേശങ്ങളുടെ അധികാര പരിധിയിൽ പെട്ട സമുദ്ര ഭാഗത്ത് വിവിധ തരം യന്ത്ര വൽകൃത മത്സ്യബന്ധന യാനങ്ങളുടെ കാര്യത്തിൽ അമിത ശേഷി വന്നതായി സൂചിപ്പിക്കുകയും ഏറ്റവും അനുഗുണമായ

DRAFT

യാന ശേഷിയുടെ കണക്കുകൾ പരിഗണനയ്ക്കായി സർക്കാരിനെ ധരിപ്പിക്കുകയും ചെയ്യുകയുണ്ടായി. സർക്കാർ ഈ നിർദ്ദേശങ്ങൾ പരിഗണിയ്ക്കുകയും അമിത മത്സ്യബന്ധന ശേഷി കുറയ്ക്കുന്നതിനായുള്ള തന്ത്രങ്ങൾ ആവിഷ്കരിച്ചു സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ , ബന്ധപ്പെട്ട ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണത്തോടെ ഘട്ടം ഘട്ടമായി നടപ്പിലാക്കുകയും ചെയ്യും.

7.0 ഇന്ത്യയുടെ സമുദ്രത്തിൽ നിന്നും ശരാശരി പിടിക്കുന്ന മത്സ്യത്തിന്റെ അളവ് പരമാവധി സാധ്യതയ്ക്ക് അടുത്തെത്തി എന്നത് സൂചിപ്പിക്കുന്നത്, 2 0 0 മീറ്റർ ആഴപരിധിക്കുള്ളിൽ വിഭവ ഉപയോഗം ഏറ്റവും അനുഗുണമായ രീതിയിലേക്ക് എത്തിയിരിക്കുന്നു എന്ന കാര്യമാണ്. എന്നാൽ, ചൂര , മിക്ടോഫിടുകൾ, കണവ തുടങ്ങിയ ആഴക്കടൽ വിഭവങ്ങളുടെ കാര്യത്തിൽ മത്സ്യബന്ധന സാധ്യതകൾ ഇനിയും തുറന്ന് കിടക്കുന്നുണ്ട്. പക്ഷെ, ഇത്തരം നിഗമനങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന അനശ്ചിതത്വം പരിഗണിച്ച്, സമുദ്ര മത്സ്യബന്ധനത്തിൽ ആഗോള മാനദണ്ഡങ്ങൾക്കനുസൃതമായി ഒരു കരുതൽ സമീപനമാണ് നമ്മൾ സ്വീകരിക്കേണ്ടത്. തീരക്കടല് വിഭവങ്ങളുടെ കാര്യത്തില്, സുസ്ഥിരത ,സമത്വം എന്നിവ പ്രധാന തത്വങ്ങള് ആയി ഉള്ക്കൊണ്ടുകൊണ്ട് സർക്കാർ നിലവിലെ പരമാവധി സുസ്ഥിര വിളവ് എന്ന മാനദണ്ഡത്തിനു പ്രാധാന്യം നൽകികൊണ്ട് ഉല്പ്പാദനം നിലനിര്ത്തും.

8.0 സമുദ്ര ഫിഷറിയുടെ സാധ്യതകൾ പൂർണ്ണമായി ഉപയോഗിക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകും: മത്സ്യബന്ധന ശ്രമത്തിന്റെ ക്രമപ്പെടുത്തലും മേൽനോട്ടവും; മത്സ്യബന്ധന ശേഷി അനുഗുണമാക്കൽ; മത്സ്യബന്ധന പ്രക്രിയയിൽ ജൈവ വൈവിധ്യത്തിനു നയപരമായ പരിഗണന നൽകൽ; മത്സ്യ ജാതികളെയും മത്സ്യബന്ധന ഇടങ്ങളെയും അടിസ്ഥാനമാക്കിയുള്ള, പാരിസ്ഥിക ശാസ്ത്ര പ്രകാരവും ജീവശാസ്ത്ര പ്രകാരവും പ്രാമാണ്യമുള്ള മേഖലകൾ, ദുർബല സമുദ്ര ആവാസവ്യവസ്ഥകൾ എന്നിവയുടെ സംരക്ഷണം ഉൾപ്പെടെയുള്ള പരിപാലന പദ്ധതികൾ; ജനപ്രീതി ആർജിച്ചതും അപായ/വംശനാശ ഭീഷണിയുള്ളതുമായ മത്സ്യ ജാതികളുടെ സംരക്ഷണം; വിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിനായി സ്ഥല-കാല ബന്ധിയായ നടപടികൾ; പങ്കാളിത്ത രീതിയിൽ മത്സ്യ രക്ഷാ സങ്കേതങ്ങൾ നിർമ്മിക്കൽ. ഇതോടൊപ്പം തന്നെ സർക്കാർ, നിലവിലുള്ള സമുദ്ര സംരക്ഷണ മേഖലകളുടെ മൂല്യനിർണ്ണയം നടത്തുകയും പരമ്പരാഗത മീൻപിടുത്തക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നിയമ നിർമ്മാണപരമായ സഹായങ്ങൾ നൽകുകയും വിഭവ സംരക്ഷണ നടപടികൾ അവരുടെ ജീവനോപാധിയെ പ്രതികൂലമായി ബാധിക്കില്ലാ എന്നുറപ്പാക്കുകയും ചെയ്യും.

9.0 ഫിഷറീസ് പരിപാലനം , പാരിസ്ഥിക-സാമ്പത്തിക സുസ്ഥിരത ലക്ഷ്യമിട്ട് ,പരമ്പരാഗത അറിവുകളും ശാസ്ത്രജ്ഞാനവും വാണിജ്യപരമായ തത്വങ്ങളും സമന്വയിപ്പിച്ച് പ്രത്യക്ഷ പരോക്ഷ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനുള്ള ഒരു സമഗ്ര സമീപനം

DRAFT

സ്വീകരിക്കും. പരമ്പരാഗത മീൻപിടുത്തകാരും ട്രോളിംഗ് നടത്തുന്നവരും തമ്മിലുണ്ടാകുന്ന ഭിന്നതകളും സംഘർഷങ്ങളും പരിഹരിക്കൽ, , പൊതുവായി ബാധിക്കുന്ന പുതിയ പ്രശ്നങ്ങൾ നേരിടൽ, ദേശീയ തലത്തിൽ മാനവശേഷി വർധിപ്പിക്കൽ എന്നിവ അഭിമുഖീകരിക്കുന്നതിനായി ഫിഷറീസ് രംഗത്തെ ഭരണ നിർവഹണ പ്രക്രിയകൾ ശക്തിപ്പെടുത്തും.

10.0 സമുദ്ര മത്സ്യ മേഖലയെ നിർണ്ണയിക്കുന്ന പ്രധാന സംഗതികൾ ആയ വിഭവ സുലഭതയും വിതരണവും, വിഭവവിന്യാസത്തിന്റെ യഥാർത്ഥ മാപ്പുകൾ (തത്സമയ ഭൂപടം), മത്സ്യ ലഭ്യതയെപ്പറ്റിയുള്ള മുൻകൂർ വിവരങ്ങൾ, കാലാവസ്ഥ പ്രവചനങ്ങൾ ,എന്നിവ കൃത്യസമയത്ത് തന്നെ ലഭ്യമാക്കുവാൻ ഒരു വിവര സംവിധാനം രൂപീകരിക്കും. വിവര സാങ്കേതിക വിദ്യയും ഉപഗ്രഹ സാങ്കേതിക വിദ്യയും മത്സ്യബന്ധന മേഖലയിൽ ഉള്ളവരുടെ ഗുണത്തിനായി പരമാവധി ഉപയോഗപ്പെടുത്തും.

11.0 സ്ഥല-കാല ബന്ധിയായ മത്സ്യ ബന്ധന നിരോധനം , മത്സ്യസമ്പത്ത് നിലനിർത്തുന്നതിന് സഹായിച്ചിട്ടുണ്ട്. ഇത്തരം പരിപാലന ഇടപെടലുകൾ മീൻപിടുത്തക്കാരുടെ ഉപജീവനത്തെ ഫലപ്രദമായി ഗുണപ്പെടുത്തുന്നു എന്ന് ഉറപ്പു വരുത്തുവാൻ , മുൻകരുതൽ സമീപനം ഉൾപ്പെടെ ലഭ്യമായതിൽ ഏറ്റവും മെച്ചമായ ശാസ്ത്രീയ വിവരങ്ങൾ പരിഗണിച്ചുകൊണ്ടും മീൻപിടുത്തക്കാരുടേയും മറ്റു ഗുണഭോക്താക്കളുടെയും പങ്കാളിത്തത്തിലൂടെയും കാലികമായി അവലോകനം ചെയ്യുന്നതാണ്.

12.0 സമുദ്ര മത്സ്യ വിഭവങ്ങൾ അക്ഷയമല്ല എന്നും,അനിയന്ത്രിതമായ മത്സ്യ ബന്ധനം വിഭവ ശോഷണത്തിൽ കലാശിക്കുമെന്നും ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ ഉണ്ടായ അനുഭവങ്ങളിൽ നിന്നും നമുക്ക് അറിവുള്ളതാണ്. മത്സ്യബന്ധന ശ്രമം അനുഗുണമാക്കുന്നതിനും വിഭവ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും സഹായകമായ നടപടികൾ സർക്കാർ, ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ , ഗുണഭോക്താകൾ എന്നിവരുമായി സഹകരിച്ച് കൊണ്ട് ,സ്വീകരിക്കുന്നതാണ്. ഇത്തരം ഇടപെടലുകളിൽ പെടുന്ന സംഗതികൾ ഇനി പറയുന്നു; മൊത്തം മീൻപിടുത്ത യാനങ്ങളുടെ എണ്ണം, മീൻപിടുത്ത ദിവസങ്ങൾ, മീൻപിടുത്ത ഇടങ്ങൾ, കുതിര ശക്തി, വലയുടെ വലിപ്പം, പരമാവധി സുസ്ഥിര വിളവ്, കണ്ണി വലിപ്പം, എന്നിവയുടെ നിയന്ത്രണം, പുതിയ സമുദ്ര മേഖലകളിലെയക്ക് ശ്രമ വിന്യാസം, വിഭവ ശോഷണം തടയുവാൻ ഫിഷറീസ് പരിപാലന സമുദ്ര മേഖലകൾ സൃഷ്ട്ടിക്കൽ . ശോഷണം സംഭവിച്ചതോ തകർച്ച നേരിട്ടതോ ആയ മത്സ്യ സഞ്ചയങ്ങൾ പുന സൃഷ്ട്ടിക്കുന്നതിനായുള്ള പദ്ധതികൾ ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ ആവിഷ്ക്കരിക്കും. ഫിഷറീസ് പരിപാലനത്തിൽ ആവശ്യമായ മാനവശേഷി വിലയിരുത്തുവാൻ ഒരു ചട്ടക്കൂട് ആവിഷ്കരിക്കും.

13.0 ഇപ്പോൾ, തീരദേശ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും തീരകടലിൽ (ആഴവും ദൂരവും അടിസ്ഥാനമാക്കി) ചില മേഖലകൾ യന്ത്രവൽകൃത മീൻപിടുത്തം അനുവദിക്കാതെ പരമ്പരാഗത

DRAFT

മീൻപിടുത്തക്കാർക്ക് മാത്രമായി സംവരണം ചെയ്ത് , , നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രത്യേക അവകാശ മേഖലകൾ പരമ്പരാഗത മീൻപിടുത്തക്കാരുടെ ഉപജീവനത്തെ സുസ്ഥിര്‍മാക്കുന്നതിൽ സഹായിക്കുന്ന കാര്യം ഇതിനകം തെളിയിക്കപ്പെട്ടതാണ്. അത്തരം പിന്തുണ നൽകുന്നത് സർക്കാർ തുടരുകയും ഉപഭോക്താക്കളുമായി കൂടിയാലോചിച്ച്, അനുവദനീയമായ തീരക്കടലില് മേഖലാ വ്യാപ്തി വര്‍ധിപ്പിക്കുന്നത് ഉള്‍പ്പെടെയുള്ള കാര്യങ്ങള് പരിഗണിക്കുകയും ചെയ്യും.

14.0 ഫിഷറീസ് പരിപാലനത്തിൽ , ജൈവ-അജൈവ ഘടകങ്ങളുടെ സ്വാസ്ഥ്യം , ഗുണഭോക്താക്കളുടെ സാമൂഹ്യ പരിഗണനകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന ഒരു ആവാസവ്യവസ്ഥധിഷ്ഠിത സമീപനം നടപ്പിൽ വരുത്തും. ഇതേ രീതിയിൽ, ബഹു –മത്സ്യ ജാതി, ബഹു-യാന, ബഹു-ഗുണഭോക്തൃ ഫിഷറികളുടെ പരിപാലനത്തിൽ വിജയകരമെന്ന് മറ്റു സ്ഥലങ്ങളിൽ കണ്ടെത്തിയ പങ്കാളിത്ത അഥവാ സഹ-പരിപാലന സംവിധാനം പ്രോത്സാഹിപ്പിക്കും. പ്രാദേശിക-മേഖലാ-സംസ്ഥാന തലങ്ങളിൽ ഫിഷറീസ് കൗൺസിലുകൾ ഉള്ള സഹ-പങ്കാളിത്ത സംവിധാനം , വ്യത്യസ്ത മീൻപിടുത്ത രീതികളിൽ ഏർപ്പെടുന്നവർ തമ്മിൽ ഉണ്ടാകുന്ന സംഘർഷങ്ങൾ പരിഹരിക്കുവാൻ സഹായിക്കും. ഇത്തരം സംവിധാനങ്ങൾക്ക് വേണ്ട പ്രയോഗ ക്രമങ്ങൾ ഗവേഷണ സ്ഥാപനങ്ങൾ , തീരദേശ സംസ്ഥാനങ്ങൾ, മീൻപിടുത്തക്കാരുടെ സംഘടനകൾ, ബന്ധപ്പെട്ട മറ്റു ഗുണഭോക്താക്കൾ എന്നിവരുമായി ചേർന്ന് രൂപീകരിക്കുവാനുള്ള നടപടികൾ കൈക്കൊള്ളും.

15.0 ഇന്ത്യന് E E Z ലെ 1 2 മുതല് 2 0 0 നോട്ടിക്കല് മൈല് മേഖലയില് ഉള്ള മത്സ്യ ബന്ധനം നടത്തുപെടുന്നത് കൃഷി കര്‍ഷക ക്ഷേമമന്ത്രാലയത്തിന്റെ കീഴില് ഉള്ള മൃഗസംരക്ഷണ, ഫിഷറീസ് വകുപ്പ് യഥാ സമയം പുറപ്പെടുവിക്കാറുള്ള അവശ്യനിര്‍ദ്ദേശങ്ങള് അനുസരിച്ചാണ്. ഇതിൻ പ്രകാരം, യോജ്യരായ അപേക്ഷകർക്ക് നിശ്ചിത മേഖലകളിൽ മത്സ്യബന്ധനം നടത്തുവാൻ ആവശ്യമായ അനുമതികൾ നൽകിയിരുന്നു. പക്ഷെ ഈ സംവിധാനം വഴിയുള്ള മത്സ്യ ബന്ധനം പ്രതീക്ഷിച്ച വളർച്ചയും സമഗ്ര വികസനവും ആഴക്കടൽ മത്സ്യബന്ധന രംഗത്ത് സാധ്യമാക്കുന്നില്ല എന്നതിനാൽ ഈ രീതി ഉപേക്ഷിച്ചുകൊണ്ട് ബദൽ സംവിധാനങ്ങൾ ഈ രംഗത്ത് കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കും.സമുദ്ര മത്സ്യബന്ധന മേഖലയുടെ ചെറുകിട സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ സമുദ്ര മേഖലയിലെ സാധ്യതകൾ പരമാവധി ഉപയോഗിച്ചുകൊണ്ടുള്ള എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിനു വേണ്ടി, ആഴക്കടൽ മത്സ്യബന്ധന-സംസ്കരണ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കും. ആഴക്കടൽ സമുദ്ര വിഭവങ്ങളുടെ സുസ്ഥിര ഉപഭോഗത്തിന് , നീണ്ട നാൾ കടലിൽ തങ്ങി മത്സ്യബന്ധനം നടത്തുവാൻ ശക്തിയുള്ള തരം ആധുനിക യാനങ്ങളുടെ അനുഗുണ വിന്യാസം ആവശ്യമാണ്. ആവശ്യംപോലെ , ഈ മേഖലയുടെ വികസനത്തിനായി വിദേശ സാങ്കേതിക വിദ്യയുടെ സഹായവും

DRAFT

പരിഗണിക്കപ്പെടും. ആഴക്കടൽ മത്സ്യബന്ധനത്തിൽ ഇന്ത്യൻ മത്സ്യബന്ധനയാനങ്ങളുടെ ശക്തി വർധിപ്പിക്കുന്നതിനായി ഒരു ഏക ജാലക സമീപനം കൈക്കൊള്ളും. സമുദ്ര മത്സ്യ മേഖലയിൽ സംരഭകത്വ വികസനം, സ്വകാര്യ നിക്ഷേപം, സ്വകാര്യ-പൊതുമേഖലാ പങ്കാളിത്തം, സ്ഥാപനവല്കൃത സാമ്പത്തിക സംവിധാനത്തിന്റെ മെച്ചപ്പെട്ട ഇടപെടൽ എന്നിവ പ്രോത്സാഹിപ്പിക്കപ്പെടും. കൂടാതെ, ഈ മേഖലയുടെ സമഗ്ര വികസനത്തിനായി, സമുദ്ര വിഭവ സംസ്കരണ-കയറ്റുമതി മേഖലകളെ ആഴക്കടൽ സമുദ്ര ഫിഷറീസ് വ്യവസായവുമായി സംയോജിപ്പിക്കുവാനുള്ള സംഗതികൾ ആവിഷ്കരിക്കും.

16.0 ആഴക്കടൽ മത്സ്യബന്ധനത്തിൽ പരമ്പരാഗത മീൻപിടുത്തക്കാരുടെ നൈപുണ്യവും കഴിവും വർദ്ധിപ്പിക്കുന്നതിനും അവരുടെ സാന്നിധ്യം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി പുതിയ പദ്ധതി(കൾ) സർക്കാർ കൊണ്ടുവരും. നിലവിലുള്ള ഇന്ത്യൻ നിർമ്മിത ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ ആധുനികവൽക്കരിക്കൽ, മീന്പിടുതക്കാരുടെ സഹകരണ സംഘങ്ങൾ അഥവാ സ്വയം സഹകരണ സംഘങ്ങൾ വഴി പുതിയ ഇന്ത്യൻ നിർമ്മിത ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അവതരിപ്പിക്കൽ , കടലിൽ വെച്ചുള്ള പരിശീലനം, കമ്പോളങ്ങളും കയറ്റുമതിയുമായി ബന്ധപ്പെടുത്തൽ എന്നിവ ഈ പദ്ധതി(കൾ) പരിഗണിക്കും . ഈ സംവിധാനങ്ങൾ/പദ്ധതികൾ അവതരിപ്പിക്കുമ്പോൾ , നമ്മുടെ E E Z ലും അതിനു പുറത്തും മത്സ്യബന്ധനം നടത്തുന്നതുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര നിയന്ത്രണങ്ങൾ അനുസരിക്കുന്നു എന്ന് ഉറപ്പുവരുത്തുവാനുള്ള നടപടികൾ കൈക്കൊള്ളും. നമ്മുടെ E E Z ലെ ആഴക്കടൽ സമുദ്ര വിഭവങ്ങളുടെ ഉപഭോഗത്തിൽ വിഭവ ലഭ്യതയോടൊപ്പം മറ്റു ഘടകങ്ങളായ അടിസ്ഥാന സൗകര്യങ്ങൾ, യാന നിർമാണത്തിനുള്ള സാങ്കേതികമായ ശക്തി, വിഭവങ്ങൾ കണ്ടെത്താനുള്ള ഗവേഷണം, സെർ ട്ടി ഫി ക്കേ ഷൻ , മാനവ ശേഷി വികസനം, സമഗ്രവും നടപ്പിൽ വരുത്തുവാൻ സാധിക്കുന്നതുമായ ചട്ടങ്ങൾ, നിയന്ത്രണങ്ങൾ എന്നിവയും പരിഗണിക്കപ്പെടും. ഇതോടൊപ്പം, ശക്തമായ മേൽനോട്ട-നിരീക്ഷണ-നിയന്ത്രണ സംവിധാനം, വാണിജ്യ പ്രാധാന്യമുള്ള സമുദ്ര വിഭവങ്ങളെ പറ്റിയുള്ള ശാസ്ത്രീയ,സാങ്കേതിക വിവരങ്ങൾ ലഭ്യമാക്കൽ, അത്തരം മീനുകളെ പിടിക്കുവാനുള്ള ഏറ്റവും മെച്ചപ്പെട്ട മീൻപിടുത്ത രീതികൾ എന്നിവയും പരിഗണിക്കപ്പെടും.

17.0 തീരദേശ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണപ്രദേശങ്ങളുടെയും ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട്, നമ്മുടെ E E Z ലെ സമഗ്ര വിഭവ വിനിയോഗത്തിനായി ഒരു പദ്ധതി സർക്കാർ വികസിപ്പിക്കും. അതെ സമയം, നമ്മുടെ E E Z ലെ 1 2 മുതൽ 2 0 0 നോട്ടിക്കൽ വരെയുള്ള സ്ഥലം കേന്ദ്ര സർക്കാർ പരിപാലിക്കുന്ന ഒരു പൊതു മുതൽ ആണെന്നും, തീരദേശ സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ അവിടെ നടത്തുന്ന ഒറ്റപ്പെട്ട മീൻപിടുത്ത തന്ത്രങ്ങൾ അമിത മത്സ്യ ബന്ധനത്തിലെയ്ക്കും സംഘർഷങ്ങളിലെയ്ക്കും നയിക്കുമെന്നും ഉള്ള കാര്യം മനസ്സിലാക്കുവാൻ തീരദേശ സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ

DRAFT

പ്രേരിപ്പിക്കപ്പെടും. ഇക്കാര്യം പരിഗണിച്ചുകൊണ്ട്, നമ്മുടെ E E Z ലെ സജൈവ വിഭവങ്ങളുടെ സുസ്ഥിര വിനിയോഗത്തിനും പരിപാലനത്തിനും വേണ്ടിയുള്ള നയങ്ങളിലും നടപടികളിലും ആശയപ്പൊരുത്തം ഉണ്ടാക്കുവാൻ കേന്ദ്ര സർക്കാർ തീരദേശ സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവയുമായി ഒരുമിച്ചു പ്രവർത്തിക്കും.സമുദ്ര മത്സ്യബന്ധന മേഖലയിലെ അന്തർ സംസ്ഥാന, അന്താരാഷ്ട്ര സംഘർഷങ്ങൾ കുറയ്ക്കുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ സ്ഥാപനവൽകൃത സംവിധാനം കൊണ്ടുവരും. തീരദേശ സംസ്ഥാനങ്ങൾ/കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവയുടെ സാമ്പത്തിക വളർച്ചയ്ക്കായി തീരദേശങ്ങൾക്കും ദ്വീപുകൾക്കും ആവശ്യമായ സംയോജിത ഫിഷറീസ് വികസന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കും. ഇത്തരം പദ്ധതികളിൽ, സുസ്ഥിര ഫിഷറീസ് ചൂഷണത്തിനുള്ള ചട്ടക്കൂട്, തീരദേശ/ദ്വീപ് ടൂറിസം , കടലിൽ വെച്ചു ഇന്ധനം നിറയ്ക്കുവാനുള്ള സംവിധാനം, മാതൃ യാനങ്ങൾ, കടൽ ആംബുലൻസ് എന്നിവ ഉൾപ്പെടും.

18.0 ആഴക്കടലിൽ നിന്നോ ദേശീയ അധികാര പരിധിക്കപ്പുറമുള്ള സ്ഥലങ്ങളിൽ നിന്നോ (ക്രിൽ പോലുള്ള മീനുകളെ പല രാജ്യങ്ങളും ഇപ്പോൾ പിടിക്കുന്നുണ്ട്) മത്സ്യം ലഭിക്കുവാനുള്ള സാധ്യത ഗണ്യമാണ്., അന്താരാഷ്ട്ര ധാരണകൾഅനുസരിച്ചും തീരദേശ സുരക്ഷ, കടൽ ജീവ രക്ഷ എന്നിവ ഉറപ്പുവരുത്തിയും, ദേശീയ അധികാര പരിധിക്കപ്പുറമുള്ള സ്ഥലങ്ങളിൽ നിന്നും മീൻ പിടുത്തം നടത്തുവാൻ ഇന്ത്യൻ മത്സ്യബന്ധന യാനങ്ങളെ സർക്കാർസജ്ജമാക്കും.

DRAFT

**മേൽനോട്ട-നിരീക്ഷണ-നിയന്ത്രണ സംവിധാനം (മേ നി നി )**

19.0 സമുദ്ര മത്സ്യബന്ധന മേഖലയിലെ മികച്ചതും ഫലപ്രദവുമായ ഭരണത്തിന് നിലവിലുള്ള മേ നി നി സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. സമുദ്ര മത്സ്യ മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യ ബന്ധന യാനങ്ങൾ (പരമ്പരാഗത, മോട്ടോർ വൽകൃത, യന്ത്രവൽകൃത, യന്ത്രവൽകൃതമല്ലാത്ത ) രജിസ്റ്റർ ചെയ്യുവാനും ലൈസെൻസ് എടുക്കുവാനും ഒരു ഓൺ-ലൈൻ സംവിധാനം സർക്കാർ ഇപ്പോൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. രജിസ്ട്രേഷനിലൂടെയും ലൈസൻസിംഗിലൂടെയും പിടിക്കപ്പെടുന്ന മത്സ്യത്തിന്റെ കണക്കും മത്സ്യ ബന്ധന ശക്തിയും നിരീക്ഷിക്കുകയും മത്സ്യബന്ധനം നിയന്ത്രിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, കേന്ദ്ര ഫിഷറീസ് വകുപ്പ്, തീരദേശ സംസ്ഥാനങ്ങള്/കേന്ദ്ര ഭരണ പ്രദേശങ്ങള്, തീരദേശ മറൈന് പോലീസ്, ഇന്ത്യന് തീരദേശ സുരക്ഷാ സേന എന്നിവയുടെ സഹകരണത്തോടെ മേ നി നി സംവിധാനം കൂടുതല് മെച്ചപ്പെടുത്തും. മേ നി നി സംവിധാനം, ഘട്ടം ഘട്ടമായി, ചിപ്പ് സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന "സ്മാർട്ട് രെജിസ്ട്രേഷൻ കാർഡുകൾ അവതരിപ്പിച്ചുകൊണ്ട് ശക്തിപ്പെടുത്തും. രെജിസ്ട്രേഷൻ, ലൈസെൻസ് വിവരങ്ങൾക്ക് പുറമേ, കിടപ്പ് തുറമുഖം, മീൻപിടുത്ത യാത്രകൾ

എന്നിങ്ങനെയുള്ള പതിവ് വിവരങ്ങളും ഇത്തരം കാർഡുകൾ വഴി ലഭ്യമാകും. ഇത് കൂടാതെ, ലോഗ് ബുക്കുകൾ, അനുമതി ടോക്കണുകൾ , മത്സ്യ ബന്ധന യാനങ്ങളുടെ കളർ കോഡിംഗ്, തിരിച്ചറിയലിനുള്ള ബയോ മെട്രിക് കാർഡുകൾ, വിവര –ഉപഗ്രഹ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന യാന നിരീക്ഷണ –തിരിച്ചറിയൽ സംവിധാനം എന്നിവയും മേ നി നി സംവിധാനം ശക്തിപ്പെടുത്തുവാൻ അവതരിപ്പിക്കും. മെച്ചപ്പെട്ട മേ നി നി സംവിധാനം നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ തീരദേശ സംസ്ഥാനങ്ങൾ /കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവയുമായി സഹകരിച്ചു പ്രവർത്തിക്കും. തീര സുരക്ഷാ സേന, തീര ദേശ പോലീസ് എന്നിവയെ മേ നി നി സംവിധാനത്തിന്റെ മെച്ചപ്പെടുത്തലിനായി പരിശീലിപ്പിക്കുകയും ശക്തിപ്പെടുത്തകയും ചെയ്യും. മേ നി നി സംവിധാനം നടപ്പിലാക്കുന്നതിൽ സാമുദായിക പങ്കാളിത്തം ഉറപ്പാക്കുവാനുള്ള ശ്രമങ്ങൾ നടത്തും.

20.0 സമുദ്ര മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന യാനങ്ങൾ അവയുടെ രൂപ ഘടന , നിർമാണ വസ്തു , വലിപ്പം, യന്ത്രങ്ങൾ , വലകൾ, മീൻ പിടുത്ത മേഖല എന്നിവ കൊണ്ട് വൈജാത്യമുള്ളവയാണ്. ഈ യാനങ്ങളുടെ രെജിസ്ട്രേഷൻ, യാന പരിശോധന,സെർടിഫിക്കെഷൻ, നിർബന്ധമായും കൈവശം വെയ്ക്കേണ്ട തിരിച്ചറിയൽ രേഖകളും ട്രാകിംഗ് ഉപകരണങ്ങളും, ബന്ധപ്പെട്ട നിയമങ്ങൾ ലങ്ഘിച്ചാൽ അടയ്ക്കേണ്ട പിഴ, മത്സ്യ ബന്ധന യാനങ്ങളിലെ സുരക്ഷ, അനുവർത്തിക്കേണ്ട മറ്റു നിബന്ധനകൾ എന്നിവ സംബധിച്ച നിയമനിർമ്മാണങ്ങൾ , ഫിഷറി യുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനും ലോക ഭക്ഷ്യ കാർഷിക സംഘടന, അന്താരാഷ്ട്ര സമുദ്ര സംഘടന, അന്താരഷ്ട്ര തൊഴിൽ സംഘടന തുടങ്ങിയ ഏജൻസികൾ നിർദേശിക്കുന്ന മാനദണ്ഡങ്ങളും നിർദേശങ്ങളും പാലിക്കുന്നതിനുവേണ്ടി കാലികമായി പുതുക്കേണ്ടതുണ്ട്.

21.0 യാന നിർമ്മാണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മത്സ്യബന്ധന യാന നിർമ്മാണം എന്നിവ നമ്മുടെ രാജ്യത്ത് നിയന്ത്രണ രഹിതമായാണ് നടന്ന് വ രുന്നത്. ഇതുമൂലം, യാന ഗുണ നിലവാരം നിർണ്ണയിക്കുന്ന ഘടകങ്ങൾ ആയ ജല സ്ഥിരത, മീൻ സംഭരണ അറകളുടെ അനുഗുണ വലിപ്പം , മീൻപിടുത്തക്കാർക്ക് ഉറങ്ങാനും പാചകം ,ശൌച്യം എന്നിവ ചെയ്യാനുമുള്ള സൗകര്യങ്ങൾ എന്നിവയിൽ വിട്ടുവീഴ്ച്ച വരുത്തപ്പെടുന്നു . യാന നിർമ്മാണത്തിൽ ഫൈബർ (എഫ് ആർ പി) കൂടുതലായി ഉപയോഗിക്കപ്പെടുന്നതിനാൽ , ഗുണ നിലവാരം കുറഞ്ഞ മത്സ്യബന്ധന യാനങ്ങൾ നിർമ്മിക്കപ്പെടുന്നതിനുള്ള സാധ്യത വർദ്ധിച്ചിരിക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കും. യാന നിർമ്മാണ കേന്ദ്രങ്ങളുടെ രെജിസ്ട്രേഷൻ, യാനങ്ങളുടെ കാലികമായ പരിശോധനയും സാക്ഷ്യ പത്രം നൽകലും, ആശയ വിനിമയത്തിനും സുരക്ഷയ്ക്കും ഉള്ള ഉപകരണങ്ങൾ I R S തുടങ്ങിയ സാങ്കേതിക സ്ഥാപനങ്ങൾ വഴി പരിശോധിക്കൽ, മത്സ്യ

ബന്ധന യാനങ്ങൾക്കും നിർമ്മാണ വസ്തുക്കൾക്കും കൃത്യമായ മാനദണ്ഡങ്ങൾ നിർബന്ധിക്കൽ , യാന നിർമ്മാണ പ്രക്രിയകൾ കേന്ദ്ര /സംസ്ഥാന സർക്കാരുകൾ വഴി നിരീക്ഷിക്കലും നിയന്ത്രിക്കലും എന്നിവ ഈ നിയമ പരിഷ്ക്കാരത്തിൽ പരിഗണിക്കും.

22.0 നിയമ വിരുദ്ധവും, കണക്കെടുക്കപ്പെടാത്തതും അനിയന്ത്രിതവുമായ മത്സ്യ ബന്ധനം തടയുന്നതിനും ഒഴിവാക്കുന്നതിനും വേണ്ടിയുള്ള അന്താരാഷ്ട്ര ധാരണകളിൽ ഇന്ത്യ ഒപ്പു വെച്ചിട്ടുള്ളതിനാൽ നമ്മുടെ E E Z നുള്ളിലും, ഉൾക്കടലിലും മറ്റു രാഷ്ട്രങ്ങളുടെ E E Z ലും ഇത്തരം പ്രവർത്തികളിൽ ഇന്ത്യൻ യാനങ്ങൾ ഏർപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ ,ഫലപ്രദമായ ഒരു സംവിധാനം തുറമുഖങ്ങളിലും കടലിലും സർക്കാർ ഏർപ്പെടുത്തും.

23.0 ഇന്ത്യൻ മത്സ്യബന്ധന യാനങ്ങൾ അന്താരാഷ്ട്ര സമുദ്ര അതിർത്തി രേഖ ലംഘിക്കുന്ന സംഭവങ്ങൾ അടുത്ത കാലത്തായി വർധിച്ചിരിക്കുന്നു. ഈ വർധനയ്ക്ക് പിന്നിൽ പല കാരണങ്ങൾ ഉണ്ട്. ഹേഗ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര കോടതി നൽകിയ ഒരു വിധി പ്രകാരം ഈ രേഖ പുന നിർവചിക്കപ്പെട്ടതാണ് ഒരു കാരണം. ഇത്തരം ലംഘനങ്ങൾ കുറയ്ക്കുന്നതിനായി ആവശ്യമായ ബോധവൽക്കരണവും പരിശീലനവും മീൻപിടുത്തക്കാർക്ക് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കും.

24.0 മത്സ്യബന്ധന യാനങ്ങളിൽ തൊഴിലുമായി ബന്ധപ്പെട്ട് പുലർത്തേണ്ട ഏറ്റവും നല്ല മാനദണ്ഡമാണ് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ 1 8 8 സമ്മേളനം അംഗീകരിച്ചവ. മത്സ്യ ബന്ധന യാനങ്ങളിലെ തൊഴിലാളികൾക്ക് ആവശ്യമായ സംരക്ഷണം നൽകുവാൻ വേണ്ട നിയമ നിർമ്മാണത്തിൽ ഈ സമ്മേളനത്തിന്റെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കും. ഇക്കാര്യതിൽ, മത്സ്യ ബന്ധന യാനങ്ങളിൽ പണിയെടുക്കുന്ന അന്തർ സംസ്ഥാന തൊഴിലാളികൾക്കും ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടത് അത്യാവശ്യമാണ്. പ്രസ്തുത സമ്മേളന തീരുമാനങ്ങൾ അംഗീകരിക്കുവാനും യാനങ്ങളുടെ രെജിസ്ട്രേഷൻ, ശുചിത്വം, മത്സ്യ തുറകളിലേയും തുരമുഖങ്ങളിലെയും വൃത്തി എന്നിവ അന്താരാഷ്ട്ര നിലവാരത്തിൽ കൊണ്ടുവരുന്നതുൾപ്പെടെ മത്സ്യ ബന്ധന യാനങ്ങളിൽ തൊഴിലെടുക്കുന്ന എല്ലാ തൊഴിലാളികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ,ബന്ധപ്പെട്ട നിയമനിർമ്മാണങ്ങൾ കാലികമായി പരിഷ്കരിക്കുവാനും വേണ്ട നടപടികൾ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് കേന്ദ്ര സർക്കാർ കൈക്കൊള്ളും.

25.0 ലോകത്ത് സമുദ്ര മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്നവരിൽ ഏകദേശം 24000 തൊഴിലാളികൾ വർഷം തോറും മരണപ്പെടുന്നു എന്നാണ് അന്താരാഷ്ട്ര തൊഴിൽ സംഘടന കണക്കാക്കുന്നത്. കടൽ അപകടങ്ങളുടെ കണക്കു സൂക്ഷിക്കുന്ന രാജ്യങ്ങളിൽ നിന്നും ശേഖരിക്കുന്ന വിവരം അനുസരിച്ചാണ് ഇത് കണ്ടെത്തിയത്. മറ്റു രാജ്യങ്ങളിലെ കണക്കുകൾ കൂടി പരിഗണിച്ചാൽ മരണ നിരക്ക് കൂടുവാനാണ് സാധ്യത. ഇന്ത്യൻ ഫിഷറിയുടെ ചെറുകിട സ്വഭാവം

DRAFT

കണക്കിലെടുത്ത് കടൽ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്ന നടപടികൾ കൈക്കൊള്ളുന്നത് സർക്കാർ ഉറപ്പുവരുത്തും. ജീവൻ രക്ഷാ ഉപകരണങ്ങൾ (അപായ മുന്നറിയിപ്പ് ട്രാൻസ്മിട്ടെർ/ സ്വയം തിരിച്ചറിയൽ സംവിധാനം), യാനങ്ങളിലെ ആശയ വിനിമയ ഉപകരണങ്ങൾ എന്നിവ ഘടിപ്പിക്കൽ, ഇതുസംബന്ധിച്ച് നിപുണതയും ശേഷിയും വികസിപ്പിക്കുവാനുള്ള പരിശീലനം നൽകൽ എന്നീ സംഗതികൾ ഈ നടപടികളിൽ ഉൾപ്പെടും.

## ഫിഷറീസ് (വിവര )ഡാറ്റ ശേഖരണവും ഗവേഷണവും

26.0 ബന്ധപ്പെട്ട വസ്തുതകൾ പരിഗണിച്ചുകൊണ്ടുള്ള തീരുമാനങ്ങൾ എടുക്കുന്നതിനായി ശാസ്ത്ര-നയ സംഗമ സംവിധാനങ്ങൾ സർക്കാർ ശക്തിപ്പെടുത്തും. കൂടാതെ, നല്ല നയപരമായ തീരുമാനങ്ങൾ എടുക്കുവാൻ സമുദ്ര മത്സ്യ മേഖലയെ സംബന്ധിച്ച വിവിധ ഘടകങ്ങളെപ്പറ്റിയുള്ള കാലികവും, വിശ്വാസയോഗ്യവും , സമഗ്രവും ആയ വിവരങ്ങളുടെ സമാഹരണം ആവശ്യമായതിനാൽ ഒരു ദേശീയ സമുദ്ര ഫിഷറീസ് വിവര (ഡാറ്റ) സമാഹരണ പദ്ധതി , കേന്ദ്ര,സംസ്ഥാന സർക്കാരുകൾ, ഗവേഷണ സ്ഥാപനങ്ങൾ ,ഗുണഭോക്താക്കൾ എന്നിവരുടെ സഹായത്തോടെ കേന്ദ്ര സർക്കാർ നടപ്പിൽ വരുത്തും. അനുയോജ്യമായ സാങ്കേതിക വിദ്യയും മാനവ വിഭവ ശേഷി വികസനവും വഴി കാലികവും വിശ്വാസ യോഗ്യവും ആയ ഡാറ്റ സമാഹരണത്തിനും ഫിഷറീസ് പരിപാലന സംവിധാനത്തിനും വേണ്ടി ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന കാര്യം ഈ പദ്ധതി ലക്ഷ്യമിടും.

## സമുദ്ര കൃഷി

27.0 സുസ്ഥിരമായ രീതിയിൽ ചെയ്യുകയാണെങ്കിൽ, തീര ദേശ കടലുകളിൽ നിന്നുള്ള മത്സ്യ ഉൽപ്പാദനം വർധിപ്പിക്കുന്നതിൽ സമുദ്ര കൃഷിയ്ക്ക്, , ഒരു പ്രധാനപ്പെട്ട പങ്കു വഹിയ്ക്കുവാൻ സാധിക്കും. ഈ മേഖലയുടെ വികസനത്തിന് വേണ്ടി സമുദ്രകൃഷി ഇടങ്ങൾ / പാർക്കുകൾ, വിത്തുല്പ്പാദനത്തിനുള്ള ഹാച്ചറികൾ എന്നിവ സ്ഥാപിക്കുവാനുള്ള പദ്ധതികൾ സർക്കാർ പ്രോത്സാഹിപ്പിക്കും. ഉദിച്ചുവരുന്ന ഈ മേഖലയുടെ വാണിജ്യ പരവും സ്ഥാപനപരവും ആയ വിവിധ ആവശ്യങ്ങൾ ആയ പാട്ട അവകാശ നയങ്ങൾ, സമുദ്ര സ്ഥല ആസൂത്രണം, വിത്ത്, തീറ്റ, പരിചരണ മുറകൾ, പാരിസ്ഥികവും സാമൂഹ്യവുമായ ആഘാത പഠനങ്ങൾ, പ്രാദേശിക മീൻപിടുത്ത ക്കാർക്കും സംരംഭകർക്കും വേണ്ടിയുള്ള മാനവശേഷി വികസനം, പ്രാദേശിക കമ്പോളങ്ങൾ ,മൂല്യ ശൃംഖലകൾ എന്നിവ തീരദേശ സംസ്ഥാനങ്ങളും /കേന്ദ്ര ഭരണ പ്രദേശങ്ങളും ആയി സഹകരിച്ചുകൊണ്ട് അഭിമുഖീകരിക്കും. ചെറുകിട മീൻപിടുത്തക്കാർ, സംഘങ്ങൾ, സഹകരണ സംഘങ്ങൾ അഥവാ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം പ്രത്യേകമായി പ്രോത്സാഹിപ്പിക്കപ്പെടും

DRAFT

## ദ്വീപുകളിലെ ഫിഷറി

28.0ദ്വീപ് സമൂഹങ്ങൾ ആയ ആണ്ടമാൻ,നിക്കോബാർ, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ ലാഭകരമായ ചൂര ,ഗ്രൂപ്പർ , സ്നാപ്പേർ , പവിഴപ്പുറ്റുകളിലെ ഫിഷറി എന്നിവ ഉൾപ്പെടെ ഗണ്യമായ മത്സ്യ സമ്പത്തുണ്ട്. ഈ ദ്വീപുകളുടെ ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ മൂലം ഇവിടങ്ങളിലെ ഫിഷറീസ് വികസനം സുസ്ഥിരമായ രീതിയിൽ കാര്യമായി വളർന്നിട്ടില്ല. ഇവിടത്തെ ഫിഷറീസ് സുസ്ഥിരമായി വികസിപ്പിക്കുവാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും. സമുദ്ര കൃഷി, പ്രാദേശിക മീൻപിടുത്തക്കാരുടെ പരിശീലനം, പിടിക്കപ്പെടുന്ന മത്സ്യം ആഭ്യന്തര കമ്പോളത്തിലേയ്ക്കും അന്താരാഷ്ട്ര കമ്പോളത്തിലേയ്ക്കും എത്തിക്കുന്നതിന് മത്സ്യ സംസ്കരണത്തില് സ്ഥാപനങ്ങളുടെ സഹായം എന്നിവ പ്രസ്തുത പദ്ധതിയില് ഉള്പ്പെടുന്നു.

## മത്സ്യ സംസ്കരണം

29.0രാജ്യത്തെ മീൻ തുറകൾ, തുറമുഖങ്ങൾ, ചന്തകൾ എന്നിവിടങ്ങളിലെ ശുചിത്വവും വെടിപ്പും അന്താരാഷ്ട്ര മാനദണ്ഡങ്ങൽക്കനുസൃതമായി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇവിടങ്ങളിലെ വൃത്തിയും ശുചിത്വവും നിലനിർത്തുന്നതിനായി ഗുണഭോക്താക്കളെ ബോധവൽക്കരിക്കുവാൻ വേണ്ട പദ്ധതികൾ സർക്കാർ ആവിഷ്കരിക്കും. ഇതോടൊപ്പം , മീൻ തുറകളിലും തുറമുഖങ്ങളിലും ദൈനം ദിന പരിപാലനത്തിനായി ഗുണഭോക്താക്കൾ പങ്കാളികളായുള്ള കർമ്മ സമിതികൾ രൂപീകരിക്കുവാൻ സംസ്ഥാന സർക്കാരുകളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും തുറമുഖ അധികാരികളെയും പ്രേരിപ്പിക്കും. സുരക്ഷിതവും ശുചിത്വമുള്ളതുമായ സമുദ്ര ഭക്ഷണം ലഭ്യമാക്കുവാൻ ഇത് സഹായിക്കും. മത്സ്യ സംസ്കരണ മേഖലയിൽ മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുവാൻ ത്വരിത ഗതിയിലുള്ള ശ്രമങ്ങൾ നടത്തും.

30.0ആവശ്യത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത സമുദ്ര മത്സ്യ മൂല്യശൃംഖലയിലും മേ നി നി സംവിധാനത്തിലും വളരെയധികം പ്രാധാന്യമുള്ള ഒരു ഘടകമാണ് . ഈ രംഗത്തെ ആവശ്യങ്ങൾ സമഗ്രമായി പുനരവലോകനം ചെയ്തുകൊണ്ടും, തീരദേശ ആവാസവ്യവസ്ഥയിൽ ഉണ്ടാകാവുന്ന ആഘാതങ്ങൾ കുറച്ചുകൊണ്ടും മത്സ്യ സംസ്കരണത്തിലും മീൻ തുറകളിലും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ സൃഷ്ടിക്കും. അത്തരം അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിൽ പങ്കാളികളുടെ നേരിട്ടുള്ള ഇടപെടൽ പ്രോത്സാഹിപ്പിക്കുന്നതിനും, ആവശ്യകതകൾ വേഗത്തിൽ നിറവേറ്റുന്നതിനും, സ്വകാര്യ പൊതുമേഖല പങ്കാളിത്തതോടൊപ്പം മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളെയും പ്രോത്സാഹിപ്പിക്കും.

31.0നിലവിൽ, പിടിക്കപ്പെടുന്ന മത്സ്യത്തിന്റെ 15 ശതമാനം വിളവെടുപ്പിനു ശേഷമുള്ള ഘട്ടത്തിൽ നഷ്ടപ്പെട്ടതായി കണക്കാക്കപ്പെടുന്നു. ഇത് മറ്റുതരത്തിൽ മികച്ച രീതിയിൽ ഉപയോഗിക്കാമായിരുന്ന ഈ പ്രകൃതി

DRAFT

വിഭവത്തിന്റെ ഭീമമായ നഷ്ട്ടമാണ്. മത്സ്യ ബന്ധന യാനങ്ങളിൽ മീൻ പിടുത്തത്തിനു ശേഷമുണ്ടാകുന്ന മത്സ്യ നഷ്ട്ടം , പ്രത്യേകിച്ചും ഉയർന്ന വിലയുള്ള മീനുകളുടെ കാര്യത്തിൽ , കുറയ്ക്കുന്നതിനും, ഗുണ നിലവാരവും മൂല്യവും കൂട്ടുന്നതിനും വേണ്ട കാര്യങ്ങൾ സർക്കാർ ശ്രദ്ധിക്കും. പ്രധാനമായും ഇത്തരം നഷ്ടം ഒഴിവാക്കുന്നതുവഴി ഭക്ഷണ ഉപയോഗത്തിനായി മത്സ്യ ലഭ്യത വർദ്ധിപ്പിക്കുവാൻ സാധിക്കും. ബൈ കാച് ആയി പിടിക്കപ്പെടുന്ന മത്സ്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ പ്രോത്സാഹിക്കപ്പെടും .

32.0 മത്സ്യ വ്യവസായത്തിന്റെ ആവശ്യത്തിനായി കുറഞ്ഞ മൂല്യമുള്ള മീനുകൾ വ്യാപകമായി ഉപയോഗിക്കപെടുന്ന കാര്യം, അമിത ചൂഷണത്തിലേയ്ക്ക് വഴിവെയ്ക്കുന്നതിനാലും , ആവാസവ്യവസ്ഥയുടെ സമഗ്രത നഷ്ടപ്പെടുത്തുന്നതിനാലും ആശങ്ക ഉളവാക്കിയിട്ടുണ്ട്. മീൻ തീറ്റ നിർമാണ ഫാക്ടറികൾ ചില തീര ദേശ സംസ്ഥാനങ്ങളിൽ വ്യാപിച്ചത് മൂലം വന്ന വർദ്ധിച്ച ആവശ്യം , ചില തരം മീനുകളുടെ ( ഉദാ: മത്തി) അമിത മത്സ്യ ബന്ധന ത്തിലും അതുമൂലം ലഭ്യതയിൽ ഉള്ള ഗണ്യമായ കുറവിലും കലാശിച്ചു. ഈ വിഷയത്തിൽ, മീൻ തീറ്റ ഫാക്ടറികളുടെ അതിരുകവിഞ്ഞ വ്യാപനം നിയന്ത്രിക്കുവാനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളും.

## വാണിജ്യവും വിപണനവും

33.0 ആഗോള സമുദ്ര ഭക്ഷ്യ വാണിജ്യത്തിൽ ഇന്ത്യൻ സമുദ്ര ഭക്ഷണം ഗണ്യമായ ഒരു പങ്ക് വഹിക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങൾ കൊണ്ട് ഇന്ത്യയിൽ നിന്നുള്ള സമുദ്ര ഭക്ഷ്യ കയറ്റുമതി, അളവിലും ഗുണമേന്മയിലും ഗണ്യമായി വർധിച്ചിട്ടുണ്ട്. ഈ സംഭവവികാസങ്ങൾക്കിടയിലും, മൂല്യ വർധനവ്, ഉല്പന്നങ്ങളുടെ ബ്രാണ്ടിംഗ് എന്നീ കാര്യങ്ങളിൽ വന്നിട്ടുള്ള പിന്തള്ളൽ, ഇന്ത്യൻ സമുദ്ര ഭക്ഷ്യ വ്യവസായത്തിനു ഇനിയും വളരാനുള്ള സാധ്യതയാണ് കാണിക്കുന്നത്. ഇത്തരം ദൌർബല്യങ്ങൾ ഒഴിവാക്കുന്നതിനായി ഉത്പന്ന വൈവിധ്യവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനും , മൂല്യ വർധനവ്, ഉത്പന്ന ബ്രാണ്ടിംഗ് എന്നിവ മെച്ചപ്പെടുത്തുന്നതിനും , ലോകത്തെ വിവിധ രാഷ്ട്രങ്ങളിൽ പുതിയ കമ്പോളങ്ങൾ കണ്ടെത്തുന്നതിനും വേണ്ട ശ്രമങ്ങൾ സർക്കാർ കൈക്കൊള്ളും. അതുപോലെ, മത്സ്യത്തിനും മത്സ്യ ഉൽപ്പന്നങ്ങൾക്കും വരുന്ന വർദ്ധിച്ച ആഭ്യന്തര ആവശ്യം പരിഗണിച്ചുകൊണ്ട് , ഉപഭോക്താക്കൾക്ക് ഉന്നത ഗുണമേന്മയുള്ള മത്സ്യം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ ഇന്നുള്ള അടിസ്ഥാന സൗകര്യങ്ങൾ, മൂല്യശൃംഖല, ആഭ്യന്തര മത്സ്യ വിപണിയുടെ പ്രധാന സവിശേഷതകൾ എന്നിവ സർക്കാർ പുനരവലോകനം ചെയ്യുന്നതാണ്.

34.0 മത്സ്യ ഉൽപ്പന്നത്തിന്റെ ഉറവിടം ഉപഭോക്താവിനെ അറിയിക്കുവാൻ സഹായിക്കുന്ന ഇടപെടലുകൾ ആയ ട്രെയിസബിളിറ്റി , ചെയിൻ ഓഫ് കസ്റ്റഡി എന്നിവ ആഗോള തലത്തിൽ സമുദ്ര മത്സ്യ വാണിജ്യത്തിൽ പ്രാധാന്യം നേടിക്കൊണ്ടിരിക്കുകയാണ്. സമുദ്ര ഭക്ഷണ ഉൽപ്പന്നങ്ങളിൽ അന്താരഷ്ട്ര നിലവാരത്തിനനുസൃതമായ വിവിധ വൽക്കരണം

DRAFT

നടത്തുന്നതോടൊപ്പം, മത്സ്യ ഉൽപ്പന്നങ്ങളിൽ നിന്നും പരമാവധി മൂല്യം ലഭ്യമാക്കുന്നതിനുമുള്ള ശ്രമങ്ങളും നടത്തും. ആഭ്യന്തര മത്സ്യ വിപണിയുടെ മൂല്യ ശൃംഖലമെച്ചപ്പെടുത്തുവാൻ മത്സ്യ ഉൽപ്പന്നങ്ങളെ ഇന്ത്യൻ ഭക്ഷ്യ സുരക്ഷാ മാനദണ്ഡ അതോറിറ്റി (F S S A I) നിർദ്ദേശിക്കുന്ന ഗുണ നിലവാര അളവുകോലുകളുമായി സംയോജിപ്പിക്കും. ഇകാര്യത്തിൽ, F S S A I യുടെയും കയറ്റുമതി പരിശോധന കൗൺസിലിന്റെയും ( E I C ) മാനദണ്ഡങ്ങളും ഏകോപിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിയ്ക്കും.

35.0 ഫിഷറീസ് സുസ്ഥിരത ഉറപ്പാക്കുവാനുള്ള കമ്പോള അധിഷ്ഠിത ഉപകരണങ്ങൾ ആയ ട്രെയിസബിളിറ്റി, എക്കോ ലെബെല്ലിംഗ് എന്നിവയ്ക്ക് പ്രചാരം ഏറിവരികയാണ്. യുറോപ്പ്യൻ യൂണിയനിലെയ്ക്കുള്ള മത്സ്യ കയറ്റുമതിയ്ക്ക് ട്രെയിസബിളിറ്റിയുടെ തെളിവ് നൽകൽ ഒരു പ്രധാന നിബന്ധനയാണ്. വരും കാലങ്ങളിൽ മറ്റു രാജ്യങ്ങളും എക്കോ ലെബെല്ലിംഗ്, സർ ട്ടിഫിക്കേഷൻ എന്നിവയുള്ള ഉൽപ്പനങ്ങൾ മാത്രം ഇറക്കുമതി ചെയ്താൽ മതി എന്ന നിബന്ധന കൊണ്ടുവന്നേക്കാം. മീൻപിടുത്ത ക്കാർക്കും, സമുദ്ര മത്സ്യ വ്യവസായത്തിനും, മത്സ്യ സഞ്ചയങ്ങൾക്കും ഗുണകരമായ എക്കോ ലെബെല്ലിംഗ് ഇന്ത്യയിലെ പ്രധാനപ്പെട്ട ഫിഷറികൾക്ക് നടത്താൻ സഹായകമായ ഒരു പരിസ്ഥിതി സർക്കാർ സൃഷ്ടിക്കും.

36.0 മീൻ തുറകളിൽ മീൻപിടുത്തക്കാർക്ക് ലഭിക്കുന്ന വിലയും ചില്ലറ കമ്പോളത്തിൽ വിൽക്കുന്ന വിലയും തമ്മിൽ ഉള്ള വലിയ അന്തരം കാണിക്കുന്നത് മീൻ വിലയിലെ ഗണ്യമായ ഭാഗം ഇടനിലക്കാർ കൊണ്ടുപോകുന്നു എന്ന കാര്യമാണ്. കട ബാധ്യത സൃഷ്ടിക്കുന്ന ഊരാക്കുടുക്കുകളും ഉണ്ട്. സ്വകാര്യ പണമിടപാടുകാരെയും ഇടനിലക്കാരെയും മീൻപിടുത്തക്കാർക്ക് ആശ്രയിക്കേണ്ടി വരുന്നത് കുറയ്ക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കും. മീൻപിടുത്തക്കാരോ തുറമുഖങ്ങൾ അടിസ്ഥാനമാക്കി സർക്കാരോ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ വഴിയോ മത്സ്യ വിപണനം ശക്തിപ്പെടുത്തുവാനുള്ള ശ്രമങ്ങൾ സർക്കാർ എടുക്കും.

## സമുദ്ര പരിസ്ഥിതിയും മലിനീകരണവും

37.0 മലിനീകരണം മൂലം ഇന്ത്യയിലെ സമുദ്ര പരിസ്ഥിതി സമ്മർദ്ദത്തിലാണ്. മത്സ്യ ശോഷണത്തിനു പിന്നിൽ ഇതും ഒരു കാരണമാകാൻ സാധ്യതയുണ്ട്. കരയിൽ നിന്നും മാലിന്യങ്ങൾ വേണ്ടവിധം ബഹിർഗമന മുക്തി വരുത്താതെ കടലിൽ തള്ളുക, കടലിൽ തള്ളുന്ന പ്ലാസ്റ്റിക് (പ്രത്യേകിച്ചും മൈക്രോ പ്ലാസ്റ്റിക്), ഉപേക്ഷിക്കപെടുന്ന വലകളിൽ മത്സ്യം കുടുങ്ങുന്നത് (ഭൂത മത്സ്യ ബന്ധനം) എന്നീ ഘടകങ്ങളും മത്സ്യ സഞ്ചയങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. കരവഴിയും കടൽ വഴിയുമുള്ള മാലിന്യങ്ങൾ നിയന്ത്രിക്കുവാൻ വേണ്ട സംവിധാനങ്ങൾ സർക്കാർ ശക്തിപ്പെടുത്തും. തങ്ങളുടെ യാനങ്ങൾ ഒരു കാരണവശാലും സമുദ്ര മലിനീകരണം നടത്തുന്നില്ല എന്ന് മീൻപിടുത്തക്കാർ,

DRAFT

തദനുഗുണമായ മാറ്റങ്ങൾ യാന രൂപഘടനയിലും നിർമ്മിതിയിലും വരുത്തി, ഉറപ്പുവരുത്തും.

38.0 തുറമുഖങ്ങളുടെ നിർമ്മാണം ചില അവസരങ്ങളിൽ മണ്ണൊലിപ്പും കരവെയ്പ്പും ഉണ്ടാക്കാറുണ്ട്. തീരദേശ ഭൂരൂപത്തിലും പരിസ്ഥിതിയിലും ഫിഷറിയിലും ഈ പ്രക്രിയകൾ വഴി പ്രത്യാഘാതങ്ങൾ ഉണ്ടാകാം. തീരദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുമ്പോൾ ഇത്തരം വിഷയങ്ങൾ അഭിമുഖീകരിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നത് സർക്കാർ പരിഗണിക്കും.

39.0 തീരക്കടൽ പ്രദേശങ്ങൾ "പു ഛര അഗ്ര" (വാൽ അറ്റം) ആവാസ വ്യവസ്ഥകൾ ആണെന്നും ഇവിടെ വസിക്കുന്ന സമുദ്ര മത്സ്യ വിഭവങ്ങൾ അതിലേയ്ക്ക് ഒഴുകി എത്തുന്ന ശുദ്ധ ജല പ്രവാഹത്തെയും അവ വഹിക്കുന്ന പോഷക വസ്തുക്കളെയും ആശ്രയിക്കുന്നു എന്ന വസ്തുത സുവിദിതമാണ്. എന്നാൽ, ഈ ജല ആവാസ വ്യവസ്ഥ മനുഷ്യനിർമ്മിതമായ പല സമ്മർദ്ദങ്ങൾക്കും വിധേയമായി പാരിസ്ഥിക ഗുണനിലവാര തകർച്ചയും ശുദ്ധ ജലപ്രവാഹത്തിൽ കുറവും നേരിടുന്നു. ഇത്തരം മാറ്റങ്ങൾ പ്രധാനപ്പെട്ട പല സമുദ്ര വിഭവങ്ങളെയും ,പ്രത്യേകിച്ചു ഉയർന്ന മൂല്യമുള്ളതും ഉൾനാടൻ തീരദേശ ജലത്തിൽ ജീവിതചക്രത്തിന്റെ ഒരു ഭാഗം പൂർത്തീകരിക്കുന്ന തുമായ ചെമ്മീൻ പോലെയുള്ള ജീവികളിൽ ആഘാതമുണ്ടാക്കുന്നു. അതിനാൽ, ഇത്തരം ആവാസ വ്യവസ്ഥകളുടെ സമഗ്രത സംരക്ഷിക്കുന്നതിനായി, തീരദേശ ആവാസവ്യവസ്ഥകളുടെ പാരിസ്ഥിക സ്വാസ്ഥ്യം ഉറപ്പാക്കുന്ന വിധത്തിലുള്ള ഒരു ദൃശ്യാവിഷ്കാര സമീപനം ഉൾനാടൻ ജല വിഭവങ്ങളുടെ ഭദ്രമായ പരിപാലനത്തിൽ സർക്കാർ കൈക്കൊള്ളും.

40.0 സുസ്ഥിര മത്സ്യ ബന്ധനം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ,അപായ ഭീഷണി, വംശനാശ ഭീഷണി എന്നിവ നേരിടുന്നതോ സംരക്ഷിതപട്ടികയിൽ പെട്ടതോ ആയ സമുദ്ര ജീവികളുടെ മേൽ പ്രതികൂല ആഘാതങ്ങൾ ഉണ്ടാകുന്നില്ലാ എന്നുറപ്പ് വരുതുന്നതിനായി സമുദ്ര പരിസ്ഥിതിയുടെ സമഗ്രത നിലനിർത്തുന്നതിൽ സർക്കാർ ഊന്നൽ നൽകും. കണ്ടൽകാടുകൾ, കടൽ പുൽമേടുകൾ, പവിഴപ്പുറ്റുകൾ എന്നിവ ഒരുപാട് മീൻ ജാതികൾക്കും സമുദ്രജല സസ്തനികൾക്കും (ഉദാ: കടല്പ്പശു) വാസസ്ഥലം ഒരുക്കുന്നതുൾപ്പെടെ വിവിധ പാരിസ്ഥിക സേവനങ്ങൾ നൽകിക്കൊണ്ട് തീരദേശ സമുദ്ര ആവാസവ്യവസ്ഥകളുടെ അത്യന്താപേക്ഷിത ഭാഗം ആയി വർത്തിക്കുന്നു. ഇത്തരം ആവാസ വ്യവസ്ഥകൾ മനുഷ്യ കേന്ദ്രിത ആഘാതങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടും.

**കാലാവസ്ഥാ വ്യതിയാനം (പൊരുത്തപ്പെടലും പുതിയ കാൽവെയ്പ്പുകളും)**

41.0 ഫിഷറീസ് മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന് കാലാവസ്ഥാമാറ്റം, അതിനാൽ സമയ ബന്ധിതമായ പൊരുത്തപ്പെടൽ, മേൽനോട്ട പദ്ധതികൾ എന്നിവ ആവശ്യമാണ്. ഇന്ത്യയുടെ E E Z ലും

DRAFT

ചുറ്റുമുള്ള ഉള്ക്കടലുകളിലും ഉള്ള സമുദ്ര ഫിഷറിയിൽ കാലാവസ്ഥാമാറ്റം മൂലമുള്ള ആഘാതം ദൃശ്യമായി തുടങ്ങിയിരിക്കുന്നു. ഈ ആഘാതങ്ങൾ മൂലം, ചില മത്സ്യ ഇനങ്ങളുടെ കാര്യത്തിൽ മീൻപിടുത്ത രീതികളിൽ മാറ്റങ്ങൾ വരുത്തുവാൻ മീൻപിടുത്തക്കാർ നിർബന്ധിതരായിരിക്കുന്നു. ദുർബല മത്സ്യ സഞ്ചയങ്ങളുടെ ലഭ്യതയിൽ മാറ്റം വരുത്തുന്ന കാരണങ്ങളിൽ ഒന്ന് കാലാവസ്ഥാമാറ്റം ആകുന്നു. ഒരു സമയ ബന്ധിത രീതിയിൽ പൊരുത്തപ്പെടൽ മാർഗങ്ങൾ നടപ്പിലാക്കുന്നതോടോപ്പം കാലാവസ്ഥാമാറ്റം എങ്ങിനെയാണ് മത്സ്യ സഞ്ചയങ്ങളെയും മീൻപിടുത്ത സമൂഹത്തെയും ബാധിക്കുന്നത് എന്ന് മനസ്സിലാക്കുവാനുള്ള പഠനങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. കാലവത്സാമാറ്റം സംബന്ധിച്ചു ഇന്ത്യയുടെ അന്താരാഷ്ട്ര ഉത്തരവാദിത്വങ്ങളുടെ ഭാഗമായി, മത്സ്യബന്ധനവും ബന്ധപ്പെട്ട പ്രവർത്തനങ്ങളും വഴി ഉണ്ടാകുന്ന ഹരിത ഗൃഹ വാതക നിർഗമനം കുറയുക്കുന്ന "ഹരിത ഫിഷറീസ്" ആശയവും പ്രോല്ലാഹിപ്പിക്കും.

## മീന് പിടുത്ത ക്കാരുടെ ക്ഷേമം, സാമൂഹ്യ സുരക്ഷ , ഔപചാരിക വായ്പ്പാ സംവിധാനം

42.0 മീൻ പിടുത്ത സമൂഹത്തിനു മതിയായ രീതിയിൽ സാമൂഹ്യ സുരക്ഷ ഒരുക്കുവാൻ ,ഇപ്പോൾ നിലവിലുള്ള ക്ഷേമ പദ്ധതികൾ തുടരുകയും അവയെ നേർ ഗുണ കൈമാറ്റ പദ്ധതി (D B T S ) വഴി ശക്തിപ്പെടുത്തുകയും ചെയ്യുന്ന കാര്യം സർക്കാർ പരിഗണിക്കും. മീൻ പിടുത്തക്കാരുടെ സാമൂഹ്യ സുരക്ഷ, പാർപ്പിടം, മറ്റു സൗകര്യങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും.

43.0 കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, വൻ തിരകൾ, തുടങ്ങിയ കാലാവസ്ഥാ പ്രതിഭാസങ്ങളെ പ്രകൃതി ദുരന്തങ്ങളുടെ പട്ടികയിൽ പരിഗണിക്കും. കടലിലെ എണ്ണ ചോർച്ച തുടങ്ങിയ മനുഷ്യ നിർമ്മിത ദുരന്തങ്ങളെയും പ്രകൃതി ദുരന്തങ്ങളുടെ കൂട്ടത്തിൽ പരിഗണിക്കുകയും ബാധിക്കപ്പെട്ട ആളുകൾക്ക് അവരുടെ ജീവനോപാധികൾ തിരികെ കൊണ്ടുവരുവാൻ വേണ്ട അനുവദനീയമായ സഹായങ്ങൾ നൽകുകയും ചെയ്യും. കടലിൽ ജീവൻ നഷ്ടപ്പെടുന്ന മീൻപിടുത്തക്കാരുടെ കാര്യത്തിൽ സാമ്പത്തിക സഹായങ്ങൾ കാലതാമസം കൂടാതെ എത്തിക്കുവാൻ നഷ്ട പരിഹാരവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എളുപ്പത്തിലാക്കും.

44.0 മത്സ്യ ബന്ധന നിരോധനം മത്സ്യ സഞ്ചയങ്ങളിൽ ഗുണപരമായ ഫലം നൽകുന്നുവെന്ന അഭിപ്രായം കുറെയേറെ ഗുണഭോക്താക്കൾ പ്രകടിപ്പിച്ചിട്ടുണ്ട്. നിരോധന കാലയളവ് ഇപ്പോൾ ഉള്ള 6 1 ദിവസം എന്നതുമാറ്റി വർധിപ്പിക്കണമെന്ന ആവശ്യം ചില തീരദേശ സംസ്ഥാനങ്ങളും ഗുണഭോക്താക്കളും ഉന്നയിച്ചിട്ടുണ്ട്. നിരോധനം നൽകുന്ന ഗുണഫലങ്ങളും ഗുണഭോക്താക്കളുടെ സഹകരണ മനോഭാവവും പരിഗണിച്ചുകൊണ്ട് നിരോധന കാലയളവിൽ നൽകപ്പെടുന്ന സമാശ്വാസ പാക്കേജുകൾ സർക്കാർ ഇനിയും ശക്തിപ്പെടുത്തും. സമുദ്ര വിഭവ സംരക്ഷണത്തിൽ ഗുണഭോക്താക്കളുടെ

DRAFT

പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ മാത്രമല്ല, ശോഷണ ലക്ഷണങ്ങൾ കാണിക്കുന്ന മത്സ്യ സഞ്ചയങ്ങളെ തിരികെ കൊണ്ടുവരുവാനും ഇത് സഹായിക്കും.

45.0 അടുത്ത കാലത്തായി ഫിഷറീസ് സഹകരണ സംഘങ്ങൾ ശക്തി പ്രാപിക്കുകയും ചില സംസ്ഥാനങ്ങളിൽ/കേന്ദ്ര ഭരണ പ്രദേശങ്ങളിൽ വളരെ വിജയകരമാണെന്ന് തെളിയിക്കുകയും ചെയ്തിട്ടുണ്ട്. മീൻ പിടിക്കൽ, മത്സ്യ സംസ്കരണം എന്നീ രംഗങ്ങളിൽ നല്ല ബിസിനെസ്സ് മാതൃകകൾ സ്വീകരിച്ച് പ്രവർത്തിച്ചാൽ ഈ സഹകരണ സംഘങ്ങൾക്ക് അവരുടെ സേവനങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കും. ആവശ്യമനുസരിച്ചു നൈപുണ്യ വികസനം , സാങ്കേതിക സാമ്പത്തിക സഹായങ്ങൾ എന്നിവ നൽകി ഫിഷറീസ് സഹകരണ സംഘങ്ങളെ സർക്കാർ ഇനിയും ശക്തിപ്പെടുത്തും. ഫിഷറീസ് രംഗത്തും കാലാവസ്ഥയുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ഒരു ശാസ്ത്രാധിഷ്ഠിത സമീപനം സ്വീകരിക്കുവാൻ ഈ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

46.0 വള്ളം(ബോട്ട്) ,വല തുടങ്ങിയ വിവിധ മത്സ്യ ബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് ലഭ്യമായ ഔപചാരിക വായ്പ്പാ സംവിധാനങ്ങൾ തുലോം പരിമിതവും ബുദ്ധിമുട്ടേറിയതും, ആയതിനാലും വരുമാനത്തിലെ അനശ്ചിതത്വം വഴി തിരിച്ചടവിൽ ഉണ്ടാകുന്ന പാകപ്പിഴകളും മൂലം ഒട്ടേറെ മീൻ പിടുത്തകാർ ഇടനിലക്കാരും സ്വകാര്യ പണമിടപാടുകാരും ഒരുക്കുന്ന കടക്കെണിയിൽ വീഴുന്ന അവസ്ഥ ഉണ്ട്. ഈ അവസ്ഥ പരിഹരിക്കുന്നതിനായി പൊതുമേഖലയിലുള്ള വായപ്പാ സംവിധാനങ്ങൾ, അവയുടെ നടപടിക്രമങ്ങളും തിരിച്ചടവ് നിബന്ധനകളും ഉദാര വല്ക്കരിച്ചുകൊണ്ട്, ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കും. ഇക്കാര്യത്തിൽ , ദേശീയ കാർഷിക ഗ്രാമീണ വികസന ബാങ്കിന്റെ പങ്ക് വളരെ പ്രാധാന്യം അർഹിക്കുന്നതും മീൻപിടുത്തക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഇത് പരിഗണിക്കാപ്പെടുന്നതുമാണ്.

47.0 പരമ്പരാഗത മീൻപിടുത്തക്കാരെ കൂടുതൽ സാമ്പത്തിക നേട്ടമുള്ളതും ഫലപ്രദവുമായ മീൻപിടുത്ത രീതികളിലേയ്ക്ക് മാറ്റുന്നതിനായി പരിശീലനം, മാനവശേഷി വികസനം, സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി സർക്കാർ നടപടികൾ എടുക്കും.

## ലിംഗ സമത്വം

48.0 മത്സ്യ സംസ്കരണ മേഖലയിൽ പണിയെടുക്കുന്നവരിൽ 6 6 % നു മേലെ സ്ത്രീകൾ ആണുള്ളത്. കുഞ്ഞുങ്ങളെ വളർത്തുന്നതുള്പ്പെടെയുള്ള കുടുംബ കാര്യങ്ങൾ നോക്കുന്നതോടൊപ്പം, ചില്ലറ വിൽപ്പന, മീൻ ഉണക്കൽ, സ്വയം സഹായ സംഘങ്ങൾ വഴിയുള്ള മറ്റു മൂല്യ വർദ്ധന പരിപാടികൾ എന്നീ രംഗങ്ങളിൽ സ്ത്രീകൾ വഹിക്കുന്ന പങ്കു പ്രധാനമാണ്. സ്ത്രീകൾ വഹിക്കുന്ന വിവിധ തരം പങ്കുകൾക്ക് സർക്കാർ നൽകിവരുന്ന സഹായം തുടരുകയും ഇത്തരം സഹായം വർദ്ധിപ്പിക്കുന്നതിനായി സ്ത്രീകളുടെ സഹകരണ സംഘങ്ങൾ

DRAFT

രൂപീകരിക്കൽ; സ്ത്രീ- സൗഹൃദ വായ്പ്പാ പദ്ധതികൾ; സുരക്ഷ, ജോലി ഭദ്രത, ശുചിത്വം എന്നിവ ഉൾപ്പെടുന്ന നല്ല തൊഴിൽ സൗകര്യങ്ങൾ ;ചില്ലറ വിൽപ്പനയിൽ ഗതാഗത സംവിധാനങ്ങൾ, ചെറുകിട മത്സ്യ ബന്ധനം നടത്താൻ പ്രോത്സാഹനം;, മൂല്യ വർധന പ്രവർത്തനങ്ങൾ; ഫിഷറീസ് പരിപാലനത്തിലെ പങ്കാളിത്തം എന്നിങ്ങനെ വിവിധ പദ്ധതികൾ പരിഗണിക്കും.

## അധികവരുമാന /ബദൽ ജീവിതമാർഗങ്ങൾ

49.0 സമുദ്ര മത്സ്യ വിഭവങ്ങൾ നേരിടുന്ന ശോഷണം പരിഗണിച്ചാൽ , ഇന്ത്യയുടെ നീണ്ട തീരദേശത്ത് ജീവിക്കുന്ന വലിയ ഒരു വിഭാഗം മീൻപിടുത്ത സമൂഹത്തിനും നിലനിൽപ്പിനായി ബദൽ /അധിക വരുമാനം തരുന്ന ജീവിത മാർഗ്ഗങ്ങൾ അത്യന്താപേക്ഷിതമായിരിക്കുന്നു. സമുദ്ര കൃഷി, പരിസ്ഥിതി –സൗഹൃദ വിനോദ സഞ്ചാരം എന്നിവ ഇക്കാര്യത്തിൽ പ്രധാന്യം അർഹിക്കുന്നു. വിനോദ മത്സ്യ ബന്ധനം, മീൻ പിടിച്ച്-ഫോട്ടോഗ്രാഫ് എടുത്ത്-മോചിപ്പിക്കൽ എന്നിവ ഫിഷറീസ് വിനോദസഞ്ചാര മേഖലയിൽ ലോകത്തെമ്പാടും പ്രചാരം സിദ്ധിക്കുന്ന പുതിയ ആശയങ്ങൾ ആകുന്നു. ആണ്ടമാൻ നിക്കോബാർ, ലക്ഷദ്വീപ് എന്നിവിടങ്ങളും, വൻകരയിലെ ചില ഭാഗങ്ങളും ഇത്തരം പരിപാടികൾ പ്രോല്ലാഹിക്കപ്പെടുവാൻ പറ്റിയ സ്ഥലങ്ങൾ ആണ്. അനുയോജ്യമായ സ്ഥലങ്ങളിൽ മീൻപിടുത്തകാർക്ക് വേണ്ടി സി പി ആർ പദ്ധതികൾ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതും തീരദേശ,സമുദ്രജല വിനോദസഞ്ചാരവും മീൻപിടുത്തക്കാരുടെ ജീവനാവ ശ്യങ്ങളും താദാത്മ്യം ചെയ്യിക്കുന്ന കാര്യം പരിഗണിക്കുന്നതും ആണ്.

## നീല വളർച്ചാ സംരംഭം (Blue Growth Initiatives)

50.0 ഫിഷറീസ് മേഖലയുടെ വികസന തന്ത്രങ്ങൾ പുനർനിർവചിക്കുമ്പോൾ, മീൻപിടുത്തക്കാരുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതവും ഉപജീവനവും മെച്ചപ്പെടുത്തുന്നതിനുവേണ്ടി രാജ്യത്തിൻറെ സമുദ്രമത്സ്യ സമ്പത്തിന്റെയും ജല വിഭവങ്ങളുടെയും സുസ്ഥിര വിനിയോഗം വഴിയുള്ള "നീല വിപ്ലവം" സാധ്യമാക്കുന്നതിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും. ഇന്ത്യ പ്രതിജ്ഞാബദ്ധമായിരിക്കുന്ന ,**സു**സ്ഥിര **വി**കസന **ല**ക്ഷ്യങ്ങൾക്ക് (SDG) കീഴിൽ നിശ്ചയിച്ചിട്ടുള്ള "ബ്ലൂ ഗ്രോത്ത് സംരംഭത്തിന്റെ" ഘടകങ്ങൾ "നീല വിപ്ലവം " ഉൾക്കൊള്ളും.

51.0 സമുദ്രവിനിയോഗത്തിൽ വിവധ ആവശ്യങ്ങൾ മത്സരിക്കുന്ന കാര്യം കണക്കിലെടുക്കുമ്പോൾ, സമുദ്ര സ്ഥല ആസൂത്രണത്തിന്റെ (മറൈൻ സ്പേഷ്യൽ പ്ലാനിംഗിന്റെ (എംസ് പി)) ആവശ്യകത പ്രാധാന്യം അർഹിക്കുന്നു. കടലിൽനിന്നുള്ള ധാതുക്കളുടെയും എണ്ണയുടെയും പര്യവേക്ഷണത്തിനും ഖനനത്തിനും വർദ്ധിച്ചുവരുന്ന ആവശ്യത്തിനൊപ്പം, കൂടിവരുന്ന സമുദ്ര വ്യാപാരഗതാഗതവും തന്ത്രപരമായ പ്രതിരോധ ആവശ്യങ്ങൾക്കായി സ്ഥലങ്ങൾ

DRAFT

മാറ്റിവക്കുന്നതും മൂലം, മത്സ്യബന്ധനത്തിന് ലഭ്യമായ ഇടംകുറയുന്നു. ഈ സമകാലിക സംഭവവികാസങ്ങൾ കണക്കിലെടുത്ത്, എല്ലാ സാമ്പത്തിക പ്രവർത്തനങ്ങൾക്കും കൃത്യമായ ഇടം ലഭിക്കുന്നതും സംഘർഷങ്ങൾ കുറയ്ക്കുന്നതും ഉറപ്പുവരുത്താൻ സർക്കാർ എംഎസ്പിയെ പരിഗണിക്കും.

## അന്താരാഷ്ട്ര കരാറുകൾ / ക്രമീകരണങ്ങൾ

52.0 ആഗോളവൽകരണത്തിന് വിധേയമായ ഒരു ലോകത്താണ് ഇന്ത്യയുടെ മത്സ്യ മേഖല ഇന്ന് നിലനിൽക്കുന്നത്. ആഗോള മത്സ്യബന്ധനത്തിന്റെ (ഫിഷറി യുടെ) അജണ്ട ( കാര്യപരിപാടി) നിർണ്ണയിക്കപ്പെടുന്നത്, മത്സ്യബന്ധനത്തെകുറിച്ചും അതിന്റെ പാരിസ്ഥിക വശങ്ങളെക്കുറിച്ചും ജാഗ്രതയുള്ള ഒരു കൂട്ടം നിർബന്ധിതവും നിർബന്ധിതമല്ലാത്തതും ആയ അന്താരാഷ്ട്ര നയ ഉപകരണങ്ങൾ വഴിയാണ്. അത്തരത്തിലുള്ള ഉപകരണങ്ങളിലും കരാറുകളിലും ഒപ്പുവെചിട്ടുള്ളതിനാൽ അന്താരാഷ്ട്ര ബാധ്യതകൾ നിറവേറ്റുന്നതിനും മത്സ്യബന്ധനം സുസ്ഥിരമാക്കുന്നതിനുമുള്ള വ്യവസ്ഥകളും കരാറുകളും ഇന്ത്യ നടപ്പിലാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം അത് ഈ മേഖലയിൽ ആഘാതമേൽപ്പിക്കുകയും ദശലക്ഷക്കണക്കിന് മീൻപിടുത്തക്കാരുടെ ഉപജീവനത്തെ ബാധിക്കുകയും ചെയ്യും. മനുഷ്യരാശിയുടെ പൊതു പൈതൃക'ത്തിന്റെ ഭാഗമായ സമുദ്ര വിഭവങ്ങൾ പരിപാലിക്കുന്നതിൽ ഇന്ത്യയുടെ നേതൃത്വം പ്രകടമാക്കുന്ന തരത്തിൽ ബന്ധപ്പെട്ട പ്രാദേശിക / അന്താരാഷ്ട്ര സംഘടനകളുടെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തവും അന്താരാഷ്ട്ര കരാറുകളിലെ / ക്രമീകരണങ്ങളിലെ വ്യവസ്ഥകളുടെ അനുവർത്തനവും സർക്കാർ ഉറപ്പാക്കും.

53.0 ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ (ഫ് എ ഒ) -യുടെ ഉത്തരവാദിത്ത പരമായ മത്സ്യബന്ധന പെരുമാറ്റച്ചട്ടം (സി.സി .ആർ.എഫ് അഥവാ കോഡ്) ആണ് ഇന്ന് ആഗോള മത്സ്യബന്ധന മേഖലയിലെ സ്വമേധയാ നടപ്പാക്കേണ്ട കരാറുകളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത്. ഇതിന്റെ വ്യാപ്തി ആഗോളതലത്തിൽ ഉള്ളതും ഫ് എ ഒ അംഗങ്ങൾ, അംഗത്വമില്ലാത്തവർ, മത്സ്യബന്ധന സ്ഥാപനങ്ങൾ, എല്ലാത്തരം സംഘടനകൾ, മീൻപിടുത്തക്കാർ, മത്സ്യ സംസ്കരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന ആളുകൾ എന്നിവരിലേക്ക് - ചുരുക്കത്തിൽ, മത്സ്യബന്ധന പരിപാലനത്തിലും വികസനത്തിലും ബന്ധപ്പെട്ട എല്ലാവരിലേക്കും വിരൽ ചൂണ്ടുന്നതുമാണ്.

54.0 ദാരിദ്ര്യ നിർമാർജനവും ഭക്ഷ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിന് ഉള്ള സംഭാവനകളിൽ ചെറുകിട മത്സ്യബന്ധനത്തിന്റെ പ്രാധാന്യം ആഗോള സമൂഹം മനസിലാക്കുകയും സുസ്ഥിര ചെറുകിട മത്സ്യബന്ധനത്തിനുള്ള സന്നദ്ധ മാർഗനിർദേശങ്ങൾ (വി.ജി-എസ്.എസ്.എഫ്). അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. ഭക്ഷ്യസുരക്ഷയുടെയും ദാരിദ്ര്യ നിർമാർജനത്തിന്റെയും പശ്ചാത്തലത്തിൽ മനുഷ്യാവകാശത്തിൽ അധിഷ്ഠിതമായ ഒരു സമീപനം

DRAFT

പ്രോത്സാഹിപ്പിക്കുന്നത് വഴി ചെറുകിട മത്സ്യബന്ധന സമൂഹങ്ങളെ ശാക്തീകരിക്കുന്നതിൽ വി.ജി-എസ്.എസ്.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ അതിന്റെ പ്രധാന ലക്ഷ്യങ്ങൾകൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ചെറുകിട മേഖലയിലെ, പ്രത്യേകിച്ചും ഉപജീവന മീൻപിടുത്തത്തിൽ ഏർപ്പെടുന്നവർക്കിടയിലെ, സങ്കീർണ്ണതകളും ഭിന്നതകളും, കണക്കിലെടുത്ത് വി.ജി-എസ്.എസ്.എഫിന്ററെ വ്യവസ്ഥകൾ നടപ്പിലാക്കാൻ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തും.

55.0 നിർബന്ധിതവും സ്വമേധയാലുള്ളതും ആയ അന്താരാഷ്ട്ര ഉപാധികളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ സാധാരണയായി പരസ്പരാശ്രിതമായി ശക്തി പ്രാപിക്കുന്നതിനാൽ ഈ ഉപാധികളിൽ വേർതിരിവ് കാണാതെ സമഗ്രതയിൽ കണക്കാക്കേണ്ടത് അത്യാവശ്യമാണ്. അത്തരം ഉപാധികളുടെ സന്തുലിതമായ ധാരണയും മെച്ചപ്പെട്ട നടപ്പാക്കലും ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവരുമായും മത്സ്യബന്ധന സംഘടനകളുമായും ഉള്ള കൂടുതൽ കൂടിയാലോചനകൾ സർക്കാർ പ്രോത്സാഹിപ്പിക്കും.

## *പ്രാദേശിക സഹകരണം*

56.0 ഇന്ത്യൻ ഉപഭൂഖണ്ഡം പടിഞ്ഞാറ് അറബി കടലിനാലും കിഴക്ക് ബംഗാൾ ഉൾക്കടലിനാലും ചുറ്റപ്പെട്ടിരിക്കുന്നു. ഇന്ത്യൻ മഹാസമുദ്രത്തിന്ററെ മുകൾ ഭാഗം ഈ രണ്ട് സമുദ്രങ്ങളും ഒരുമിച്ചു ചേർന്ന് ഉണ്ടായിരിക്കുന്നു. ഇന്ത്യ അതിന്ററെ സമുദ്ര അതിർത്തികൾ പടിഞ്ഞാറൻ തീരത്ത് പാക്കിസ്ഥാനും മാലിദ്വീപും ആയും കിഴക്കൻ തീരത്ത് ശ്രീലങ്ക, ബംഗ്ലാദേശ്, മ്യാൻമർ,തായ്‌ലൻഡ്, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങളുമായും പങ്കിടുന്നു. ചില സാഹചര്യങ്ങളിൽ, സമുദ്ര അതിർത്തികൾ മാത്രമല്ല, ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കും ഇടയിലുള്ള മന്നാർ ഉൾക്കടൽ, പാക് ബേ; ബംഗ്ലാദേശിനും ഇന്ത്യയ്ക്കും ഇടയിലുള്ള സുന്ദർബൻ, ആൻഡമാൻ കടലിലെ മേയ്ക്ക് (മെർഗുയി) ദ്വീപസമൂഹം എന്നിവ പോലുള്ള ആവാസ വ്യവസ്ഥകളും പങ്കിടുന്നുണ്ട്. അറേബ്യൻ കടലും ബംഗാൾ ഉൾക്കടലും ദേശാടനം നടത്തുന്ന ചൂര(ട്യൂണ), ട്യൂണ പോലുള്ള ജീവിവർഗ്ഗങ്ങൾ സ്രാവുകൾ, സ്പാനിഷ് അയലകൾ എന്നിവ പോലുള്ള മത്സ്യ ശേഖരങ്ങളുടെ സുരക്ഷിതസ്ഥാനമായി വർത്തിക്കുന്നു. ജീവിവർഗ്ഗങ്ങളുടെയും ജീവഗണങ്ങളുടെയും സംരക്ഷണം, വിഭവങ്ങളുടെ സുസ്ഥിര വിനിയോഗം, പരിപാലനം /നടത്തിപ്പ് തുടങ്ങിയ മേഖലകളിൽ ശക്തമായ പ്രാദേശിക സഹകരണം, യഥോചിതം, സർക്കാർ വളർത്തിയെടുക്കും.

57.0 ഇന്ത്യൻ മഹാസമുദ്രത്തിന്ററെ മുകൾ ഭാഗം പ്രത്യേകിച്ച് ബംഗാൾ ഉൾക്കടൽ പ്രതികൂല കാലാവസ്ഥാ പ്രതിഭാസങ്ങൾക്കും , ഓരോ വർഷവും നിരവധി മത്സ്യത്തൊഴിലാളികൾക്ക് ജീവൻ നഷ്ടപ്പെടുകയോ കടുത്ത പ്രയാസങ്ങൾ അനുഭവിക്കുകയോ ചെയ്യുന്നതിനും സാക്ഷ്യം വഹിക്കുന്നതിനാൽ മീൻപിടുത്തകാരുടെ സുരക്ഷയും ജീവരക്ഷയും ഉറപ്പു വരുത്തുവാൻ സഹകരണം വളരെ ആവശ്യമാണ്. കൂടാതെ, ഉഭയകക്ഷി ക്രമീകരണങ്ങളിലൂടെയും പ്രാദേശിക ഫിഷറീസ് -

DRAFT

പരിസ്ഥിതി സ്ഥാപനങ്ങളിൽ ഉള്ള പങ്കാളിത്തം വഴിയും സമുദ്ര മത്സ്യബന്ധന മേഖലയിലെ സഹകരണം വർദ്ധിപ്പിക്കും. ന്യായമായി പങ്കുവയ്ക്കപ്പെട്ട വിഭവങ്ങളും പരിസ്ഥിതി വ്യവസ്ഥകളും കൈകാര്യം ചെയ്യുക , അതിർത്തി വിഭവങ്ങളുടെ സുസ്ഥിരമായ വിളവെടുപ്പിനെ ലക്ഷ്യമിട്ടുള്ള നയങ്ങളുടെയും പ്രോഗ്രാമുകളുടെയും സമന്വയനം, മനുഷ്യാവകാശ സംരക്ഷണം – (പ്രത്യേകിച്ചും മറ്റ് രാജ്യങ്ങളുടെ സമുദ്രാതിർത്തിയ്ക്കുള്ളിൽ മീൻപിടുത്തത്തിനിടയിൽ പെട്ടുപോകുന്നവരുടെ) എന്നിവ സുഗമമാക്കാൻ അത്തരം സഹകരണം ഉപകരിക്കും.

58.0 ഇന്ത്യൻ മീൻപിടുത്തക്കാർ അവരുടെ കഴിവുകൾ, കഠിനാധ്വാനസ്വഭാവം വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ പ്രവർത്തിക്കാനുള്ള കഴിവ് എന്നിവ കൊണ്ട് മറ്റ് രാജ്യങ്ങളിലെ മത്സ്യബന്ധന മേഖലയിലൽ വ്യാപകമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. തൽഫലമായി, ഇന്ത്യയിൽ നിന്നുള്ള കൂടുതൽ മീൻപിടുത്തക്കാർ ഇപ്പോൾ മറ്റ് രാജ്യങ്ങളിലെ മത്സ്യബന്ധന യാനങ്ങളിൽ തൊഴിൽ കണ്ടെത്തുന്നു. മത്സ്യബന്ധനത്തിനിടയിൽ അറിയാതെ മറ്റ് രാജ്യങ്ങളിലെ ഇ.ഇ.സെഡിലേക്ക് വഴിതെറ്റി കടക്കുന്നതുകാരണം പല അവസരങ്ങളിലും ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ അയൽ രാജ്യങ്ങളിൽ പിടികൂടിയിട്ടുണ്ട്. ഇത് സാധാരണ മാർഗ്ഗത്തിലൂടെയുള്ള അവരുടെ മോചിപ്പിക്കലിനു സർക്കാറിനു ബുദ്ധിമുട്ടുണ്ടാക്കുന്നു. മറ്റ് രാജ്യങ്ങളിലെ മത്സ്യബന്ധന മേഖലയിൽ ജോലിചെയ്യാൻ ആഗ്രഹിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് തൊഴിലിൽ മതിയായ കഴിവുകളും അന്യ സമുദ്രങ്ങളിൽ ജോലി ചെയ്യാനുള്ള അറിവും ഉണ്ടെന്നും നിയമപരവും ഔദ്യോഗികവുമായ അംഗീകാരങ്ങളിലൂടെ കടന്നുപോയതാണോയെന്നും സർക്കാർ ഉറപ്പുവരുത്തും.

## ഭരണവും സ്ഥാപനപരമായ വശങ്ങളും

59.0 സമുദ്ര മത്സ്യബന്ധന മേഖലയെ കൈകാര്യം ചെയ്യുന്നത് തീരദേശ സംസ്ഥാന / യു.ടി സർക്കാർ (ഡി ഒ ഫ് ), കേന്ദ്ര സർക്കാർ (ഡി എ എച് ഡി & ഫ് , വാണിജ്യ വ്യവസായ മന്ത്രാലയം, ഐ സി ജി മുതലായവ), എന്നിവയുടെ പരിധിയിൽ വരുന്ന നിരവധി സ്ഥാപനങ്ങളും ശാസ്ത്ര സമിതികളും ആകുന്നു.. ഈ ബഹുസ്വര ഭരണഘടനാ രീതിയുടെ നടത്തിപ്പിനായി , ഒരു വശത്ത് കൃഷി & കർഷകക്ഷേമം മന്ത്രാലയത്തിന്റെയും തീരദേശ സംസ്ഥാനങ്ങളുടെയും / യു ടി കളുടെയും മറുവശത്ത് വിവിധ കേന്ദ്രമന്താലയങ്ങളുടെയും വകുപ്പുകളുടെയും ശക്തമായ ഏകോപനവും ആവശ്യമാണ്. കൂടാതെ, മത്സ്യസമ്പത്തിന്റെ സുസ്ഥിരമായ വിളവെടുപ്പ് ഉറപ്പാക്കുന്നതിന് തീരദേശ സംസ്ഥാനങ്ങളും യു.ടികളും തമ്മിലുള്ള സമാന സഹകരണവും അനിവാര്യമാണ്. ഇക്കാര്യത്തിൽ, ബന്ധപ്പെട്ട എല്ലാ ഏജൻസികളും തമ്മിലുള്ള മികച്ച ഏകോപനത്തിനായി ഒരു സംവിധാനം ഏർപ്പെടുത്തുന്നത് സർക്കാർ പരിഗണിക്കും.

DRAFT

60.0 സമ്പ്രദായങ്ങളിലേയും വിഭവ വിനിയോഗത്തിലേയും നിരന്തരമായ മാറ്റങ്ങൾ മൂലം ഇന്ത്യയിലെ സമുദ്ര മത്സ്യബന്ധന മേഖല പരിവർത്തനാത്മകമാണ് ( ചലനാത്മകമാണ്). 1980 കളുടെ തുടക്കം മുതൽ തന്നെ സമുദ്ര ഫിഷറീസ് നിയന്ത്രണ നിയമങ്ങൾ (എം ഫ് ആർ എ കൾ) രാജ്യത്ത് നിലവിൽ വന്നു തുടങ്ങി . കൂടാതെ കുറച്ച് സംസ്ഥാനങ്ങൾ / യു ടി കൾ ഒഴികെ, എല്ലായിടത്തും 1990 പകുതിയോടെ എം ഫ് ആർ എ കൾ നിലവിൽവന്നു .പ്രധാന അന്താരാഷ്ട്ര കരാറുകൾ / ക്രമീകരണങ്ങൾ (1982 UNCLOS, 1992 UNFSA, 1995 FAO CCRF) സ്വീകരിക്കുന്നതിനുമുമ്പ് മിക്ക MFRA കളും രൂപീകരിക്കപ്പെട്ടു എന്ന വസ്തുത കണക്കിലെടുത്ത്, ഫിഷറീസ് മാനേജ്മെന്റിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നുവെന്ന് ഉറപ്പുവരുത്താൻ ഫിഷറീസ് മാനേജ്മെന്റിന്റെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അന്തർദേശീയ ഉപകരണങ്ങൾ / ക്രമീകരണങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കുന്നതു സർക്കാർ പരിഗണിക്കും. തീരദേശ സംസ്ഥാനങ്ങളുടെയും / യുടികളുടെയും പരിഗണനയ്ക്കായി ഒരു മാതൃക ബിൽ തയ്യാറാക്കിയായിരിക്കും ഇത് നടപ്പിലാക്കുക.

61.0 ഇ ഇ ഇസഡ് (12-200 nm ഉൾക്കൊള്ളുന്ന സ്ഥലം ) ലെ മത്സ്യബന്ധനം നിയന്ത്രിക്കാനും ക്രമപ്പെടുത്തുവാനും കേന്ദ്രസർക്കാർ നിർബന്ധിതമാണ്. അതുകൊണ്ടു, ഉചിതമായ നിയമനിർമ്മാണത്തിലൂടെ ഇ ഇ ഇസഡ് (EEZ) ൽ മത്സ്യബന്ധനം നിയന്ത്രിക്കേണ്ടതുണ്ട്. EEZ ലെ മത്സ്യബന്ധനത്തിന്റെ സുസ്ഥിര വികസനത്തിനും പരിപാലനത്തിനുമുള്ള അത്തരം നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ നടപടികൾ സ്വീകരിക്കും.

## മുന്നോട്ടുള്ള വഴി

62.0 അടുത്ത ഒരു ദശകത്തിലേക്കുള്ള സമുദ്ര മത്സ്യബന്ധന മേഖലയുടെ ബഹുമുഖവും വളരുന്നതുമായ ആവശ്യങ്ങൾ എൻ പി എം എഫ്, 2017 നിറവേറ്റുമെന്ന് പ്രതീക്ഷിക്കുന്നു. ഈ നയം സമഗ്രവും, വൈവിധ്യമാർന്ന ഈ സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വിഭാഗങ്ങളുടെയും ആവശ്യങ്ങൾ വേണ്ടവിധം പരിഗണിക്കുന്നതുമാണ്. എൻ പി എം എഫ്, 2017 നയത്തിൽ അടങ്ങിയിരിക്കുന്ന ശുപാർശകൾക്കു കീഴിലുള്ള പ്രവർത്തന അജണ്ടകൾ വ്യക്തമാക്കുന്ന ഒരു 'നടപ്പാക്കൽ പദ്ധതി' ('Implementation Plan') നിർമ്മിക്കും . ഈ പ്രവർത്തന അജണ്ടകളുടെ നടപ്പിലാക്കൽ, അതിനു ഉത്തരവാദിത്തമുള്ള ഏജൻസികൾ, നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകളുടെ ഉറവിടങ്ങൾ എന്നിവ അനുയോജ്യ സമയത്തു കൂടുതൽ വിശദീകരിക്കും.അജണ്ടകൾ സമയബന്ധിതവും ഫലപ്രാപ്തിപൂർണതയോടും കൂടി നടപ്പിലാകുന്നതിനു 'നടപ്പാക്കൽ പദ്ധതിയിൽ ' നിരീക്ഷണത്തിനും വിലയിരുത്തലിനുമായി ഒരു വിഭാഗം ഉണ്ടായിരിക്കും. ഈ നയം നടപ്പിലാക്കുന്നതിലൂടെ, ഇന്ത്യയിലെ സമുദ്ര മത്സ്യബന്ധന മേഖല, മനുഷ്യ ഉപഭോഗത്തിനായി മത്സ്യ വിളവെടുപ്പിന്റെ മെച്ചപ്പെട്ട ഉപയോഗം; തൊഴിൽ, ലിംഗസമത്വം, ഉപജീവനമാർഗം; സമത്വം, നീതി; ഭക്ഷ്യ സുരക്ഷയും പോഷണവും; ഈ മേഖലയിലെ സമ്പത്തും സമൃദ്ധിയും മെച്ചപ്പെടുത്തൽ എന്നിവ

DRAFT

ഉറപ്പാക്കുന്ന, സുസ്ഥിരവും പരിപാലന വിധേയവുമായ ഒന്നായി മാറും എന്ന് പ്രതീക്ഷിക്കുന്നു.

DRAFT